KNANAYADEEPAM

# ക്നാനായദീപം

Vol: 36 / Issue: 11 November 2025 ₹:20/-



മലങ്കര സുറിയാനി ക്നാനായ സമുദായം
ക്നാനായ വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ

# ആഗോള വനിതാ സംഗമം

# വനിതാരവം 2025

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ
2025 ഡിസംബർ 5 വെള്ളി
8.00 എ.എം. മുതൽ 1.00 പി.എം. വരെ



## ക്നാനായദീപം പരസ്യനിരക്ക്

| | |
|---|---|
| **ക്നാനായദീപം വരിസംഖ്യ** | |
| ഒരുവർഷം | – 200 |
| പത്തുവർഷം | – 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | – 4000 |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | – 450 |
| പേര് മാത്രം | – 350 |
| മാട്രിമോണിയൽ | – 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | – 1000 |
| കാൽപേജ് | – 2000 |
| അരപേജ് | – 4000 |
| ഫുൾപേജ് | – 6000 |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | – 5000 |
| അരപേജ് | – 7500 |
| ഫുൾ പേജ് | – 12000 |
| കവർ ഇൻസൈഡ് | – 15000 |
| ബായ്ക്ക് കവർ | – 17500 |

# ക്നാനായ ദീപം

2025 നവംബർ പുസ്തകം 36 ലക്കം 11

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

സീനിയർ സിറ്റിസൺസ് 09
റ്റി.സി. തോമസ് തോപ്പിൽ

കുർബ്ബാന വീഥിയിൽ 10
ഫാ. ജേക്കബ് കല്ലുകുളം

ആധുനിക ലോകത്തിനു ചേർന്ന... 15
സുനിൽ ഡി. കുരുവിള

മലങ്കരയുടെ മഹാപരിശുദ്ധനായ... 17
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

സത്യത്തിലേക്കുള്ള നടപ്പാത 19
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ഏവൻഗേലിയോൻ ദീപം 20
റോയി മാത്യൂസ് കോർ–എപ്പിസ്കോപ്പ മുളമൂട്ടിൽ

Showers of Blessings 22
സീമ ഷിന്റോ കന്നിയേൽ

നിലവാരമില്ലാത്ത ജീവിതവും... 23
അമ്മാൾ രാജൻ പുളിമൂട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 24

38 തിരുപ്പിറവി
മനോ അനിൽ, മട്ടയ്ക്കൽ

39 മല്പാനോട് ചോദിക്കാം

40 ശോഭയുള്ള കിരീടം
കെ.സി. ബേബി, കണ്ണകേരി

42 കാല്പ്പാടുകൾ
എബി

43 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.
knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**




**കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് വേഗം വരുന്ന നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിലുള്ള സ്നേഹവന്ദനം.**

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട ചില സത്യങ്ങൾ. വിശുദ്ധ പൗലോസ് അപ്പോസ്തോലൻ കാരാഗ്രഹത്തിൽ കിടന്നുകൊണ്ട് എഴുതിയ ലേഖനങ്ങളാണ് എഫേസ്യർ, കൊലോസ്യർ, ഫിലിപ്യർ, ഫിലമോൻ. ഈ നാലു ലേഖനങ്ങൾ കാരാഗ്രഹ ലേഖനങ്ങൾ എന്ന് അറിയപ്പെടുന്നു. ഫിലിപ്യ ലേഖനത്തിലെ ഒരു സുപ്രധാന സത്യമാണ് ക്രിസ്തീയ ജീവിതത്തിലെ സന്തോഷം. കാരാഗ്രഹത്തിൽ കിടന്നുകൊണ്ട് പൗലോസ് ആവശ്യപ്പെടുന്നത് സന്തോഷിക്കുവാനാണ്. വിപരീത സാഹചര്യങ്ങളിലും എങ്ങനെ സന്തോഷിക്കുവാൻ സാധിക്കുമെന്നതിന് പൗലോസ് ന്യായം പറയുന്നത് ശ്രദ്ധിക്കുക. അവനേയും, അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും, കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയണം. ഈ കാര്യങ്ങൾ അനുഭവത്തിൽകൂടി അറിയണം. ഇന്ന് അനേകർ യേശുക്രിസ്തുവിനെക്കുറിച്ച് അറിയുന്നുണ്ട്. അവർ യേശുവിനെ രക്ഷിതാവും കർത്താവുമായി അറിയുന്നില്ല. അനുഭവത്തിൽ കൂടിയുള്ള അറിവാണ് യഥാർത്ഥ അറിവ്. ബുദ്ധികൊണ്ട് മാത്രമുള്ള അറിവല്ല ഇവിടെ പ്രസക്തം. ക്രിസ്തീയ ജീവിതം യേശുക്രിസ്തുവിനെ അനുഭവിച്ചറിയലാണ്.

യേശു ക്രിസ്തു ഈ ഭൂമിയിൽ ആയി നടന്നപ്പോൾ തന്നോടുകൂടെ ഇരിക്കുന്നതിനും, തന്നെ അനുഗമിക്കുന്നതിനും തന്റെ ഉപദേശങ്ങൾ കേൾക്കുന്നതിനും, സാക്ഷികൾ ആകുന്നതിനുംവേണ്ടി 12 ശിഷ്യന്മാരെ വിളിച്ചു വേർതിരിച്ചു. ഇവരിൽ മൂന്നു പേർക്ക് മറ്റ് ശിഷ്യന്മാർക്ക് ലഭിക്കാത്ത ചില കാര്യങ്ങൾ ലഭിച്ചു. പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവർക്ക് മറുരൂപമലയിലെ ദർശനം, യായിറോസിന്റെ മകളെ ഉയർപ്പിക്കുന്ന രംഗം, യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന രംഗം എന്നിവയ്ക്ക് സാക്ഷ്യം വഹിച്ചു.

മറുരൂപമലയിൽ വച്ച് യേശുക്രിസ്തുവിന്റെ മഹത്വരൂപം ശിഷ്യന്മാർ അനുഭവിച്ചറിഞ്ഞു. അവന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. വസ്ത്രം വെളിച്ചംപോലെ വെള്ളയായി തീർന്നു. മോശയും ഏലിയാവും രംഗത്ത് പ്രത്യക്ഷമാകുന്നു. ഈ കാഴ്ച മലമുകളിൽ വച്ച് അവർ കണ്ടറിഞ്ഞു. നമ്മുടെ ജീവിതത്തിൽ ഇങ്ങനെയുള്ള മലകളുടെ അനുഭവം ഉണ്ടായിട്ടുണ്ടോ. കർത്താവിന്റെ കല്പനകൾ കേട്ട് അവനെ അനുഗമിക്കുമ്പോൾ ഇങ്ങനെയുള്ള ഉന്നതങ്ങളായ അനുഭവങ്ങൾ നമുക്ക് സ്വന്തമാകും.

യായിറോസിന്റെ മകളെ ഉയർപ്പിക്കുന്ന രംഗം എത്രയോ അനുഗ്രഹകരമായ മറ്റൊരു കാഴ്ചയാണ്. കണ്ണുനീർ തളം കെട്ടിനിൽക്കുന്ന രംഗം, കരച്ചിലും വിലാപവും മാത്രം, എന്നാൽ കർത്താവ് അത്ഭുതം പ്രവർത്തിക്കുന്നു. പുനരുത്ഥാനത്തിന്റെ ശക്തി പല അത്ഭുതങ്ങൾ ഇതിനോടൊപ്പം ശിഷ്യന്മാർ കണ്ടുകഴിഞ്ഞു. മരിച്ചവരിൽ പുനരുത്ഥാനത്തിന്റെ ശക്തി പ്രവാഹം അവർ കണ്ടു. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയാണ് നമ്മിൽ വ്യാപരിക്കുന്നത്. നാം വാസ്തവമായി ഈ ശക്തി പ്രസരം ജീവിതത്തിൽ അനുഭവിച്ചിട്ടുണ്ടോ.

യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ എങ്ങനെ വിശദീകരിക്കാൻ കഴിയും. മാനവരാശിയുടെ വീണ്ടെടുപ്പിനായി യേശുക്രിസ്തു സഹിച്ച കഷ്ടാനുഭവങ്ങൾ വർണ്ണനാതീതം തന്നെ. കർത്താവിന്റെ കഷ്ടാനുഭവങ്ങൾ മനുഷ്യർക്ക് ആർക്കും അനുകരിക്കുവാൻ സാധ്യമല്ല. ഇന്ന് ദൈവമക്കൾ എന്ന നിലയിൽ രോഗങ്ങളും, ദുഃഖങ്ങളും, കഷ്ടതകളും നാം നേരിടുമ്പോൾ കർത്താവിന്റെ കഷ്ടാനുഭവങ്ങൾ നമുക്ക് ഓർക്കാം. ദുഃഖത്തിന്റെ പാനപാത്രം സ്തോത്രത്തോടുകൂടി പാനം ചെയ്യാൻ സാധിക്കണം. ക്രിസ്തീയ ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. ക്രിസ്തീയ ജീവിതത്തിലെ ആഴങ്ങളിലെ അനുഭവങ്ങൾ നമ്മുടെ അനുഭവമായി തീരാൻ കർത്താവ് സഹായിക്കട്ടെ.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിക്ഷ്യന്മാരെ വിളിച്ച് ഊതി പരിശുദ്ധാത്മാവിനെ നൽകി സാക്ഷികളാകുവാൻ കല്പ്പിച്ചു. അവർ കർത്താവിനോടുകൂടെ ഇരുന്നു തന്നെ അനുഗമിപ്പാനും, ഉപദേശം കേൾക്കുവാനും തന്റെ സാക്ഷികളാകുവാനുംവേണ്ടി പ്രവർത്തിച്ച് അനേകരെ ശിഷ്യരാക്കി വി. സഭ സ്ഥാപിച്ചു. വി. സഭയുടെ വളർച്ചക്കും നിൽനിൽപ്പിനും സഭാസമൂഹത്തിനു നേതൃത്വം നൽകുവാനും അതിന്റെ സർവ്വോന്മുഖമായ വളർച്ചയിൽ സുപ്രധാന പങ്കു വഹിക്കുവാനും വൈദികരെ നിയമിച്ചു. അവർക്ക് ഇടയന്മാർ എന്ന സവിശേഷ നാമവും നൽകി. നല്ല ഇടയനായ യേശുവിനെ അനുഗമിക്കുന്ന ഇടയന്മാർ (സഖ്യ 27:16). യഹോവയുടെ സഭ ഇടയനില്ലാത്ത ആടുകളെപോലെ ആകാതിരിപ്പാൻ തക്കവണ്ണം അവർക്ക് മുമ്പായി പോകുവാനും അവരെ പുറത്തു കൊണ്ടുപോകുവാനുമായി ഇടയന്മാരെ നിയമിച്ചു. ഇടയത്വത്തിന്റെ കുപ്പായമണിഞ്ഞ അന്നത്തെ പുരോഹിതന്മാരേയും മതമേധാവികളേയും ഓർമ്മപ്പെടുത്തുകയായിരുന്നു "നല്ല ഇടയൻ."നല്ല ഇടയൻ എങ്ങനെ ഉള്ളവർ എന്നും അവന്റെ ദൗത്യം എങ്ങനെ നിർവ്വഹിക്കുന്നു എന്നും അതിൽകൂടി ഇന്നുള്ള വൈദിക സമൂഹത്തോടും കർത്താവ് സംവദിക്കുന്നതായി ചിന്തിച്ച് ആത്മശോധന നടത്താം. ഇടയൻ തങ്ങളുടെ ശുശ്രൂഷയിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തണം. എന്നാൽ പലരിലും പ്രകടമാകുന്നത് അസംതൃപ്തിയും പരാതിയും നിരാശയുമാണ്. ജനങ്ങളെപ്പറ്റിയും കമ്മറ്റിക്കാരെപ്പറ്റിയും ഭരണകർത്താക്കളെപ്പറ്റിയും എല്ലാ പരാതിയും വിമർശനവും ഉയർത്തുന്നവരെ കാണാം. ജീവിതത്തെ നിക്ഷേധാത്മകമായി കാണുന്നവർക്ക് സന്തോഷമുണ്ടാവുകയില്ല. പൗലോസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. "അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകും" (ഫിലി.2:16).

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

നവംബർ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. നമ്മെ ദൈവം ഏല്പിച്ച പദ്ധതികൾ പൂർത്തീകരിക്കുവാൻ നമുക്ക് സാധിക്കുന്നതിൽ അലസത ഉണ്ടാകാതെ, ദൈവാശ്രയത്തോടെ അവ നിറവേറ്റുവാൻ നമുക്ക് ഉത്സുകതയോടെ പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവദാനമായ ഈ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്ന വ്യക്തിത്വങ്ങളായി നമുക്ക് ആയിത്തീരാം.

നവംബർ 2–ന് പരി. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നാം കൊണ്ടാടിയല്ലോ. നമ്മിൽ അനേകർ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിച്ചിട്ടുള്ളവരാണ്. നമ്മുടെ പല ദൈവാലയങ്ങളിലും പരിശുദ്ധന്റെ തിരുശേഷിപ്പ് സൂക്ഷിക്കുന്നുണ്ട്. നമ്മുടെ മിക്കവാറും എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധന്റെ പെരുന്നാൾ ആചരിക്കുന്നുണ്ട്. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്ന നമുക്ക് സമർപ്പണത്തോടെ ആ ജീവിതമാതൃക ഉൾക്കൊണ്ട് വിശ്വാസതീക്ഷ്ണതയോടെ ജീവിതത്തെ നയിച്ച്, നന്മയുടെ നിറകുടങ്ങളാക്കിത്തീർക്കുവാൻ ശ്രമിക്കാം. അങ്ങനെ നമുക്കും വിശുദ്ധിയുടെ ഉന്നതമായ പടവുകൾ കയറുവാൻ ഇടയാകണം. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്കെന്നും അനുഗ്രഹമായിരിക്കട്ടെ.

നവംബർ 14 നാണല്ലോ ശിശുദിനം ആചരിക്കുന്നത്. ഭാരതത്തിന്റെ മുൻപ്രധാനമന്ത്രി ഡോ. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണല്ലോ അന്ന്. ഇന്നത്തെ ശിശുക്കൾ നാളത്തെ പൗരന്മാരും, രാഷ്ട്രത്തിന് സംഭാവനകൾ നല്കുന്നവരുമാണല്ലോ. അവർ ദൈവദാനങ്ങളാണല്ലോ. ജനിച്ചു വീഴുന്ന ഓരോ കുഞ്ഞിനും മാനസികമായ പക്വത ആർജ്ജിച്ചെടുക്കുവാനുള്ള പരിപാലനം ഭവനങ്ങളിൽ നൽകേണ്ടതുണ്ട്. ഭവനങ്ങളാണല്ലോ ആദ്യത്തെ വിദ്യാലയം. അവിടെ നിന്ന് അവർക്കാവശ്യമായ മാതൃക ലഭിക്കുവാൻ ഇടയാകണം. അതാകട്ടെ മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതത്തിലൂടെയും. അതുപോലെ കുടുംബത്തിൽ അവരെ ഒരുമിച്ചിരുത്തി പ്രാർത്ഥിക്കുവാനും ദൈവാലയത്തിലേക്ക് അവരെ കൊണ്ടുപോകുവാനും, ദൈവാശ്രയത്തോടെ ജീവിക്കുവാനും അവരെ നയിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണെന്ന് തിരിച്ചറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കുവാനും സാധിക്കണം.

സണ്ടേസ്കൂൾ പഠനത്തിന്റെ മറ്റൊരു വർഷം അവസാനിക്കുമ്പോൾ, ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങൾ ഓർക്കേണ്ട ഒരു മനോഹര സമയമാണ്. ഒരു വർഷം മുഴുവൻ നിങ്ങൾ ദൈവവചനം കേട്ടു, പഠിച്ചു, മനസ്സിലാക്കി, അതനുസരിച്ച് ജീവിക്കുവാൻ ശ്രമിച്ചു. അതെല്ലാം വെറുതെയല്ല. പഠനം വെറും മാർക്കിനല്ല, ജീവിതത്തിനാണ്. സൺഡേസ്കൂളിലെ പഠനം ഒരു പരീക്ഷയ്ക്ക് മാത്രമല്ല, അത് ജീവിതത്തിന്റെ അടിത്തറയാണ്. നാം ബൈബിൾ പഠിക്കുന്നത് നല്ല ക്രിസ്ത്യാനികളായി വളരാൻ ആണ്. ദൈവവചനത്തിൽ വളരുക. സൺഡേസ്കൂൾ പഠനം ഇതിന്റെ തുടക്കമാണ്, അവസാനമല്ല. ഇപ്പോൾ നിങ്ങൾ എഴുതുന്ന പരീക്ഷകൾ വളർച്ചയുടെ ഒരു ഘട്ടം മാത്രമാണ്. വിശ്വാസത്തിന്റെ വിത്ത് നട്ടുവളർത്താൻ പരിശ്രമിച്ച അദ്ധ്യാപകർക്കും, വീട്ടിൽ പ്രോത്സാഹിപ്പിച്ച രക്ഷിതാക്കൾക്കും, നമുക്ക് ഹൃദയപൂർവ്വം നന്ദി പറയാം. അവരുടെ പ്രാർത്ഥനയും അദ്ധ്വാനവും നമുക്ക് ദൈവത്തെ അറിയാൻ സഹായിച്ചു. ദൈവത്തോടുള്ള സ്നേഹം പരീക്ഷിക്കപ്പെടുമ്പോഴും ഉറച്ചുനിൽക്കുക. പുതിയ വർഷത്തിൽ ദൈവവചനത്തിൽ വളരാനും, യേശുവിനെ കൂടുതൽ സ്നേഹിക്കാനും പ്രതിജ്ഞ എടുക്കുക.

നാം ആയിരിക്കുന്ന വർഷം നമ്മെ വിട്ടു പോകാൻ ഇനിയും കുറച്ചു ദിവസങ്ങൾ മാത്രമേ ഉള്ളല്ലോ. പുതിയ വർഷം എന്നത് വെറും കലണ്ടർ മാറ്റമല്ല, ദൈവം നമുക്ക് ഒരു പുതിയ അവസരം നൽകുന്ന സമയമാണ്. പണ്ടു സംഭവിച്ചതെല്ലാം പിന്നിൽ വച്ച്, പുതുതായി ആത്മീയ ജീവിതത്തിലേക്ക് കയറാനുള്ള ദൈവത്തിന്റെ ക്ഷണമാണ് അത്. പഴയ വർഷം എങ്ങനെ ആയിരുന്നാലും, ദൈവം നമ്മെ കാത്തുസൂക്ഷിച്ചുവെന്നത് മഹത്തായ അനുഗ്രഹമാണ്. പുതിയ വർഷം തുടങ്ങുമ്പോൾ, നമ്മൾ ആത്മപരിശോധന നടത്തണം. ഞാൻ ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് ജീവിച്ചോ? എവിടെ തെറ്റിപ്പോയി? എന്താണ് ദൈവത്തോടുള്ള ബന്ധം ഇപ്പോൾ? 2 കൊരിന്ത്യർ 13:5ൽ പറയുന്നതു പോലെ, “നിങ്ങൾ വിശ്വാസത്തിൽ തന്നെയോ എന്നു നിങ്ങളെതന്നെ പരീക്ഷിക്കുവിൻ”. പുതിയ വർഷം ആത്മീയ വളർച്ചയ്ക്കുള്ള പുതുക്കൽ സമയമാണ്. പ്രതിദിന പ്രാർത്ഥനയും ബൈബിൾ വായനയും സ്ഥിരമാക്കുക. സഭാജീവിതത്തിൽ കൂടുതൽ പങ്കാളിത്തം വഹിക്കുക. സഹോദരസ്നേഹവും ക്ഷമയും പ്രവൃത്തിയിൽ കാണിക്കുക.

ബഹ്റിൻ സെന്റ് ഗ്രീഗോറിയോസ് ഇടവകയുടെ ആഭിമുഖ്യത്തിൽ ‘തനിമ’ എന്ന പേരിൽ ഒരു കൂട്ടായ്മ നടത്തുകയുണ്ടായല്ലോ. അതിലൂടെയെല്ലാം നമ്മുടെ ക്നാനായ തനിമ ആഘോഷിക്കുവാനും, അത് കാത്തുസൂക്ഷിക്കാനുമുള്ള ആഹ്വാനം തലമുറകൾക്ക് നല്കാനും ഇടയാകുമല്ലോ. അതിന് മുൻകൈയ്യെടുത്ത വികാരി, ഇടവക ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി, വിവിധ ആത്മീയ പ്രസ്ഥാനങ്ങൾ, ഇവയോടൊപ്പം ഇടവകയിലെ വിശ്വാസ സമൂഹത്തെയും അനുമോദിക്കുന്നു. ഇങ്ങനെ മറ്റു പല രാജ്യങ്ങളിലേക്കും, ക്നാനായ സുറിയാനി സമൂഹം തനിച്ചും ക്നാനായ കത്തോലിക്കാ സമൂഹവുമായി ചേർന്നും കൂട്ടായ്മകൾ നടത്തിക്കൊണ്ടിരിക്കുന്നു എന്നത് ശ്ലാഘനീയമാണ്. ഇത്തരം പരിപാടികൾ കൂടുതലായി സംഘടിപ്പിക്കുവാൻ ഏവരും ശ്രമിക്കണം.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**



# സമുദായ വാർത്തകൾ

റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

സമുദായത്തിൽ നമുക്കറിയാം കേസുകളും വിഷയങ്ങളും ഉണ്ട്. ഇതിനെക്കുറിച്ച് ക്നാനായ കമ്മിറ്റി കൂടിയാണ് ഈ അടുത്ത സമയങ്ങളിലൊക്കെ ഞങ്ങൾ പ്രതികരിക്കാറുള്ളത്. എന്നാൽ ക്നാനായ യുവജനസമാജം എന്ന പേരിൽ സമുദായമോ, സമുദായ മെത്രാപ്പോലീത്തായോ, ക്നാനായ കമ്മിറ്റിയോ, അസ്സോസിയേഷനോ, വൈദിക കൗൺസിലോ ഒന്നുമറിയാതെ യാതൊരു അംഗീകാരവും ഇല്ലാതെ മുൻ സമുദായ സെക്രട്ടറി എന്നൊക്കെ പേരുവെച്ച് എല്ലാ ഭവനങ്ങളിലും ലെറ്റർ അയച്ചുകൊണ്ടിരുന്നു. ഇതാരാണ് സംഘടിപ്പിച്ചത്. ഇതിന് ക്നാനായ സമുദായവുമായി യാതൊരു ബന്ധവും ഇല്ലായിരുന്നു. സമുദായത്തിൽ പ്രതിസന്ധി ഉണ്ടാക്കി ഒരു കഷണം അടർത്തിക്കൊണ്ടു പോകുന്നതിനുള്ള ശ്രമമായിരുന്നു എന്ന് പറയാതെ ഇരിക്കുവാൻ നിവർത്തിയില്ല. ക്രൈസ്തവസഭകളിലൊന്നും ഇങ്ങനെ ആരും അനുവദിച്ചുകൊടുക്കില്ല. നമ്മൾ താമസിക്കുന്ന ഇന്ത്യാരാജ്യത്ത് ഈ രാജ്യത്തിന്റെ ഭരണഘടനയ്ക്കും, ഈ രാജ്യത്തിന്റെ അഖണ്ഡതയേയും ഈ രാജ്യത്തിന്റെ നിലനില്പ്പിനേയും ഭീഷണിപ്പെടുത്തിക്കൊണ്ട് ഈ രാജ്യത്ത് വിഘടിത പ്രവർത്തനങ്ങൾ നടത്തിയാൽ ഇന്ത്യാ ഗവൺമെന്റ് അവരെ വെറുതെ വിടുമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടോ. അതുപോലെ കേരള സംസ്ഥാനത്ത് സംസ്ഥാനത്തിന്റെ ഒരു ജില്ലയേയോ അല്ലെങ്കിൽ ഒരു പഞ്ചായത്തിനേയോ, പിളർത്തിക്കൊണ്ടു പോയി ഒരു പ്രവർത്തനം നടത്തുവാൻ സാധിക്കുമോ? ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക പേരുവെച്ചാണ് ഇവർ വിഘടിത മീറ്റിംഗ് നടത്തിയത്. അതിനെ യാതൊരു കാരണവശാലും അംഗീകരിക്കുവാൻ കഴിയുകയില്ല.

സുപ്രീംകോടതി അനുവദിച്ചുതന്ന ക്നാനായ സമുദായ ഭരണഘടനയിൽ 106 (C) യിൽ ഇത് കൃത്യമായി പറയുന്നുണ്ട്. ക്നാനായ സമുദായത്തിന്റെയും പള്ളികളുടെയും വിശ്വാസത്തിനും, മേലദ്ധ്യക്ഷതയ്ക്കും, നിയമങ്ങൾക്കും ആചാര മര്യാദകൾക്കും എതിരായി പരസ്യമായി മത്സരിക്കുകയും അവകളെ ബോധപൂർവ്വം ലംഘിക്കുകയും ചെയ്യുന്ന ഇടവക അംഗത്തിന്മേൽ പള്ളിക്കുറ്റം ഉണ്ടായിരിക്കും. അന്യ സഭകളിൽ ചേർന്ന് നടക്കുക, വ്യവസ്ഥാപിത ഭരണക്രമങ്ങൾക്കെതിരായി സമാന്തര ഭരണസംവിധാനം ഏർപ്പെടുത്തുക, സ്വയം ആരാധനാലയങ്ങൾ നിർമ്മിച്ച് ആരാധന നടത്തുക, അങ്ങനെ ധാരാളം കാര്യങ്ങളെ എഴുതിവച്ചിട്ടുണ്ട്. ഇത് നമ്മുടെ പൂർവ്വപിതാക്കന്മാർ വളരെ ആലോചിച്ചതിനു ശേഷം ആണ് ഇങ്ങനെയുള്ള നമ്മുടെ ഭരണഘടന ഉണ്ടാക്കിയതും അത് സുപ്രീംകോടതിയിൽ വരെ പോയി അംഗീകരിച്ചിട്ടുള്ളതുമാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെമേൽ നിയമാനുസരണം ഉള്ള നടപടി എടുക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഇത് വിഘടിതമാണ്. ഒരു രാജ്യത്തിന്റെ നിലനില്പ്പിന് ഒരു സംസ്ഥാനത്തിന്റെ നിലനില്പ്പിന് അല്ലെങ്കിൽ ഒരു സമുദായത്തിന്റെ നിലനില്പ്പിന് ഭീഷണിയാകുന്ന പ്രവർത്തനങ്ങൾ ആര് പ്രവർത്തിച്ചാലും സമുദായികമായിട്ടും നിയമാനുസൃതവും ലീഗൽ ആയിട്ടുമുള്ള നടപടികൾക്കും സമുദായം തുനിയേണ്ടിവരും എന്നുള്ളത് എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.

സമുദായത്തിൽ വിഷയങ്ങളുണ്ടെങ്കിൽ പറഞ്ഞു തീർക്കണം. അല്ലാതെ വിഘടിതമോ സമുദായത്തെ പിളർത്തുന്നതിനോ ചിലരുടെ കുത്സിത ശ്രമത്തെ യാതൊരു രീതിയിലും അംഗീകരിക്കുവാൻ കഴിയുകയില്ല. ക്നാനായ സമുദായത്തിന് ഉത്തരവാദിത്തപ്പെട്ട ആളുകൾ ഇല്ല എന്ന് ആരും ധരിക്കരുത്. മഹാഭൂരിപക്ഷത്തിൽ 90% ദൈവാലയങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പള്ളിപ്രതിപുരുഷന്മാരുടെ യോഗമാണ് ക്നാനായ അസ്സോസിയേഷൻ. ആ പള്ളി പള്ളിപ്രതിപുരുഷന്മാരുടെ യോഗത്തിൽ നിന്നാണ് ക്നാനായ കമ്മിറ്റിയേ തിരഞ്ഞെടുത്തിരിക്കുന്നത്. ആ പള്ളിപ്രതിപുരുഷന്മാരുടെ യോഗത്തിൽ നിന്നാണ് വൈദിക കൗൺസിലിനെ തിരഞ്ഞെടുത്തിക്കുന്നത്. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ഒരു ബോഡിയെ അതിനെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി ചിലരു ചെയ്യുന്ന ഈ പ്രവർത്തനങ്ങളെ യാതൊരു കാരണവശാലും അംഗീകരിക്കുകയില്ല എന്ന് എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.

അതുപോലെ തന്നെ സമുദായത്തിൽ കാലാകാലങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ക്ലീമ്മീസ് തിരുമേനിയുടെ കാലത്ത് സെമിനാരിയുടെ മുൻപിൽ ഷെഡ് കെട്ടി രാപ്പകൽ സമരം വരെ നടന്നിട്ടുണ്ട്. പല ദൈവാലയങ്ങളും പൂട്ടപ്പെട്ടുപോയിട്ടുണ്ട്. നമുക്കറിയാവുന്ന കാര്യമാണ് ഇതെല്ലാം. അതെല്ലാം ഒടുവിൽ തീരുകയാണ് ചെയ്തത്. സമുദായത്തെ പിളർത്തുന്ന ഒരു സംവിധാനത്തിലേയ്ക്ക് അന്നും പോയിട്ടില്ല. നമുക്കറിയാമല്ലോ കാലഘട്ടങ്ങളിൽ ഇങ്ങനെയുള്ള കാര്യങ്ങൾ സംഭവിക്കും. ആ സംഭവിച്ച കാര്യങ്ങൾ എല്ലാം ഒത്തുതീർപ്പിലൂടെ പറഞ്ഞുതീർത്ത് സമുദായം ഒറ്റക്കെട്ടായി പോയിട്ടുള്ള അനുഭവമാണ് നമുക്കുള്ളത്. എന്നാൽ അല്ലാത്ത അനുഭവങ്ങളും ഉണ്ട്. നമുക്കറിയാം 1970 കാലഘട്ടത്തിലാണ് കത്തോലിക്കാ വിഭാഗത്തിലേക്ക് കുറെ ആളുകൾ തെക്കൻപ്രദേശത്ത് മാറി അവർ ദൈവാലയങ്ങൾ വെച്ചു. നമ്മുടെ എല്ലാ ദൈവാലയങ്ങളുടെയും അടുത്ത് ഇങ്ങ

നെയുള്ള ദൈവാലയങ്ങൾ ഉണ്ട്. കല്ലിശ്ശേരിയിൽ ഉണ്ട്. റാന്നിയിൽ ഉണ്ട്. ചിങ്ങവനത്ത് ഉണ്ട്, തുരുത്തിക്കാട്ട് ഉണ്ട്. കുറ്റൂർ ഉണ്ട്. അങ്ങനെ പലയിടത്തും ഉണ്ട്. അന്ന് അവർ പോയത് ക്നാനായ കത്തോലിക്കാ വിഭാഗത്തിലേക്കാണ്. അവരുമായിട്ട് നമ്മുടെ പാരമ്പര്യത്തിലോ, പൈതൃകത്തിലോ യാതൊരു രീതിയിലും വ്യത്യാസമില്ലാതെ ക്നാനായ കത്തോലിക്കാ വിഭാഗത്തിലേക്ക് പോയി നമ്മൾ ഒരുമിച്ച് വന്നവരാണ്. അഭിപ്രായവ്യത്യാസങ്ങളുടെ പേരിലാണോ അതോ എങ്ങനെയാണ് ഉണ്ടായത് എന്ന് നിശ്ചയമില്ല. എങ്കിലും ഇപ്പോഴും അവരുമായി വിവാഹബന്ധത്തിലും എല്ലാം നമുക്ക് ഏർപ്പെടുന്നതിന് യാതൊരു തടസ്സവുമില്ല. ക്നാനായത്വം നഷ്ടപ്പെടുത്തിപ്പോയ ഒരു വിഭാഗം അല്ല ആ കാലഘട്ടത്തിൽ ദൈവാലയങ്ങൾ വെച്ചുപോയത്.

അതു കഴിഞ്ഞ് ചിങ്ങവനത്തെ തമ്പിപാസ്റ്ററുടെ ഒരു സഭ ഉണ്ടായി. അതുപോലെ പെന്തിക്കോസ്ത് വിഭാഗത്തിലേക്ക് പലരും പോകുന്നുണ്ട്. അതുപോലെ പലഭാഗത്തും പല സഭകൾ ഉണ്ടാക്കിപ്പോയിട്ടുണ്ട്. അതൊക്കെ ഓരോ കാലഘട്ടത്തിൽ ഉണ്ടാകുന്ന കാര്യങ്ങളാണ്. അങ്ങനെ പോകുന്നവർക്ക് പോകാം. അതുപോലെതന്നെ ഈ സമുദായത്തിന്റെ ഭരണഘടനയും ഇതിന്റെ എൻഡോഗമിയും, സമുദായ മെത്രാപ്പോലീത്തയെയും ഒന്നും അംഗീകരിക്കാൻ കഴിയില്ലാത്തവർക്ക് പോകാം. അതാരും പിടിച്ചു നിർത്തുന്നില്ല. ഇന്ത്യ മഹാരാജ്യം ജനാധിപത്യരാജ്യമാണ്. ഇവിടെ ഇഷ്ടമുള്ള വിശ്വാസം സ്വീകരിക്കുവാനും ഇഷ്ടമുള്ള സഭ തിരഞ്ഞെടുക്കുവാനും സമുദായം തെരഞ്ഞെടുക്കുവാനും ഉള്ള സ്വാതന്ത്ര്യം ഈ രാജ്യത്ത് നമുക്ക് ലഭിച്ചിട്ടുണ്ട്. പക്ഷേ ഇങ്ങനെ പോകുന്നവർ വീണ്ടും അവകാശവും പറഞ്ഞുകൊണ്ട് ഈ സമുദായത്തിലേക്ക് വരരുത്. അതുകൊണ്ടാണ് ഞങ്ങൾ സമുദായപരമായും ലീഗൽ ആയും നടപടിയെടുക്കും എന്ന് പറയുന്നത്. ക്നാനായ കമ്മിറ്റി ഈ കാര്യത്തിൽ ഒറ്റക്കെട്ടാണ്. മേൽപ്പട്ടക്കാരാണെങ്കിലും വൈദികർ ആണെങ്കിലും അസ്സോസിയേഷൻ അംഗങ്ങൾ ആണെങ്കിലും ഭക്തസംഘടന ഭാരവാഹികൾ ആണെങ്കിലും പള്ളികമ്മിറ്റിക്കാർ ആണെങ്കിലും ഇടവകജനങ്ങൾ ആണെങ്കിലും വിഘടിത പ്രവർത്തനങ്ങളിൽപോയി സംബന്ധിച്ചവരുടെ മേൽ ലീഗൽ ആയിട്ടും സമുദായപരമായിട്ടും നടപടി ഉണ്ടായിരിക്കും.

ഇപ്പോൾ ഈ അടുത്തകാലത്ത് കണ്ടുവരുന്ന ഒരു പ്രവണത പള്ളി കമ്മിറ്റികൾ സമുദായത്തിന്റെ കാര്യങ്ങൾ നിയന്ത്രിക്കാൻ ശ്രമിക്കുക. ഈ അടുത്തു പള്ളികളിൽ ഇലക്ഷനിൽകൂടി രണ്ട് കമ്മിറ്റികൾ ജയിച്ചു. അത് അംഗീകരിക്കുന്നു. സമുദായ മെത്രാപ്പോലീത്ത ആ മിനിട്സ് ഒപ്പിട്ടുകൊടുത്തതാണ്. എന്നാൽ അവരാണ് ക്നാനായ സമുദായത്തെ നിയന്ത്രിക്കുന്നത് എന്ന രീതിയിൽ വരുമ്പോൾ അത് അംഗീകരിക്കുവാൻ സാധിക്കുകയില്ല. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ദയറാപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ക്നാനായ സമുദായത്തിന്റെ മെത്രാപ്പോലീത്തയായിരുന്ന പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനി. ക്ലീമ്മീസ് തിരുമേനിയുടെ ദുഃഖ്റോനോ പെരുന്നാൾ എന്ന് പറയുമ്പോൾ അത് സമുദായം നടത്തേണ്ടിയ ദുഃഖ്റോനോ പെരുന്നാൾ ആണ്. ദയറാപള്ളിയ്ക്കുവേണ്ടി മാത്രമുള്ള മെത്രാപ്പോലീത്ത അല്ല ആഗോള ക്നാനായ സമുദായത്തിന്റെ മെത്രാപ്പോലീത്ത ആണ് അവിടെ കബർ അടങ്ങിയിരിക്കുന്നത്. അങ്ങനെ വരുമ്പോൾ അത് സമുദായവുമായി ആലോചിച്ചു വേണം എങ്ങനെയാണ് അത് നടത്തേണ്ടിയത് എന്ന്. പണ്ടുകാലത്തൊക്കെ എങ്ങനെയാണെന്ന് അറിഞ്ഞുകൂടാ, ആ പള്ളി ആണ് അത് നടത്തിയത് എന്നാൽ ക്നാനായ സമുദായത്തിന്റെ പങ്കാളിത്തം അവിടെ ഉണ്ടായിരുന്നു. ദയറാപള്ളിയിൽ കബർ അടങ്ങിയിരിക്കുന്ന ക്നാനായ സമുദായ മെത്രാപ്പോലീത്തയുടെ ഓർമ്മപ്പെരുന്നാളിൽ ഇപ്പോഴത്തെ ക്നാനായ സമുദായത്തെ മെത്രാപ്പോലീത്ത അപമാനിതനാവുന്നതാണ് നമ്മൾ അവിടെ കണ്ടത്. സമുദായ മെത്രാപ്പോലീത്തായ്ക്ക് ബലിയർപ്പിക്കുവാൻ സാധിക്കുന്നില്ല. ക്നാനായ സമുദായത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട അസ്സോസിയേഷൻ പ്രസിഡന്റിനെയോ, ട്രസ്റ്റിയെയോ, സെക്രട്ടറിയെയോ അവിടെ പങ്കെടുപ്പിക്കുന്നില്ല. ഒരു സമുദായ ഭാരവാഹികളെപ്പോലും അവിടെ പങ്കെടുപ്പിക്കാതെ സമുദായ മെത്രാപ്പോലീത്തായെ പങ്കെടുപ്പിക്കാതെ ഒരു പള്ളിയുടേതായിട്ട് ഓർമ്മപ്പെരുന്നാളിനെ മാറ്റുന്നതാണ് ഇപ്പോൾ കാണുവാൻ സാധിച്ചത്. ഇത് യാതൊരു കാരണവശാലും ശരി അല്ല. ഒരു സഭയിലും ഒരു സമുദായത്തിലും ഇത് നടക്കുന്നതല്ല. ഇതിന് മാറ്റങ്ങൾ ഉണ്ടാവണം മാറ്റങ്ങൾ ഉണ്ടായിരിക്കും.

ക്നാനായ സമുദായത്തിന്റെ പൊതുവായ കാര്യങ്ങൾ ക്നാനായ സമുദായമാണ് തീരുമാനിക്കേണ്ടത് എന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണ്. ഇപ്പോൾ സോഷ്യൽ മീഡിയയിൽ കൂടി വളരെ ഭീഷണിയാണ്. അസ്സോസിയേഷൻ അംഗങ്ങൾക്ക് വരെ ഇപ്പോൾ ഭീഷണിയാണ്. ഇരവിപേരൂർ ദൈവാലയത്തിലെ തെരഞ്ഞെടുക്കപ്പെട്ട അസ്സോസിയേഷൻ അംഗത്തിന് ഫോണിലൂടെ വലിയ ഭീഷണിയുണ്ടായി. വീട്ടിൽ വന്ന് നിന്നെ ശരിയാക്കും എന്ന രീതിയിലായിരുന്നു ഭീഷണി. ഇത് സോഷ്യൽ മീഡിയായിൽ പൊതുവായിട്ടുള്ളതല്ല വ്യക്തികളെ നേരിട്ട് വിളിച്ചിട്ടുള്ള ഭീഷണിയാണ്. നമ്മുടെ സ്ത്രീ ജനങ്ങളെ കുറിച്ചിയിലുള്ള റിജോ എന്നു പറയുന്ന ആൾ അധിക്ഷേപിക്കുന്നു. വീണ്ടും സമുദായ മെത്രാപ്പോലീത്തയെക്കുറിച്ച് വളരെ മ്ലേച്ഛകരമായ രീതിയിൽ ഉള്ള വോയിസ് ക്ലിപ്പുകൾ സോഷ്യൽ മീഡിയയിൽ ഇട്ടുകൊണ്ടിരിക്കുകയാണ്. ആരുടെയും ഭീഷണിക്ക് ക്നാനായ കമ്മറ്റി വഴങ്ങുകയില്ല. കമ്മറ്റിയുടെ ഉത്തരവാദിത്വം തീർച്ചയായും ചെയ്തിരിക്കും. ക്നാനായ സമുദായ മെത്രാപ്പോലീത്ത ശാന്തശീലനും ശത്രുവിനെ സ്നേഹിക്കുന്നവനും ദൈവഭയം ഉള്ള ആളുമാണ്. അത് ക്നാനായ സമുദായത്തിലെ എല്ലാ ജനങ്ങൾക്കും അറിയാം. അത് ഒരു ബലഹീനതയായി കണ്ട് ആരും മുതലെടുക്കുവാൻ ശ്രമിക്കേണ്ട. അത് ഒരിക്കലും നടക്കുകയില്ല. ക്നാനായ സമുദായം എന്നു പറയുമ്പോൾ ക്നാനായ സമുദായ കമ്മിറ്റി, അസ്സോസിയേഷൻ, വൈദിക കൗൺസിൽ, ക്നാനായ സമുദായത്തെ മെത്രാപ്പോലീത്ത ഇവർ ചേർന്നതാണ്. ഈ സംവിധാനം എല്ലാവരും ചേർന്ന് എടുക്കുന്ന തീരുമാനം മാത്രമേ ക്നാനായ സമുദായത്തിൽ നടപ്പിലാവുകയുള്ളു. അതിന് ക്നാനായ സമുദായ അംഗങ്ങളുടെ പിന്തുണ വേണം.

ക്നാനായ സമുദായത്തെ പിളർത്തുവാൻ ഉദ്ദേശിക്കുന്ന ചിലരുടെ സ്വാർത്ഥ താല്പര്യങ്ങൾക്കും അധികാര അവകാശങ്ങൾക്കുംവേണ്ടി വിഘടന പ്രവർത്തനം നടത്തുന്ന ഈ സമയത്ത് ഒന്ന് ഓർത്തു കൊള്ളണം, ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും സഹായ മെത്രന്മാരെയും തെരഞ്ഞെടുത്തത് ക്നാനായ സമുദായത്തിലെ ജനങ്ങൾ തിരഞ്ഞെടുത്ത പള്ളി പ്രതിപുരുഷന്മാരുടെ യോഗമായ അസ്സോസിയേഷനിൽ ക്നാനായ ഭരണഘടന അനുസരിച്ച് വോട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എന്ന് എല്ലാവരും മനസ്സിലാക്കണം. അല്ലാതെ ആകമാന സുറിയാനി സഭയുടെ അദ്ധ്യക്ഷൻ പരിശുദ്ധ പാത്രിയർക്കീസ് ബാവ ക്നാനായ സമുദായത്തിലെ വൈദികരെ വിളിച്ച് പട്ടം കൊടുക്കുക

യല്ലായിരുന്നു. അതുകൊണ്ട് അവർക്ക് ക്നാനായ സമുദായത്തോട് കൂറും വിധേയത്വവും വേണം. അതിന് വിരുദ്ധമായി ക്നാനായ സമുദായത്തെ ഇല്ലായ്മ ചെയ്യുന്ന പ്രവർത്തനങ്ങളിൽ നിന്നും മാറി നിൽക്കണം.

ക്നാനായ സമുദായത്തിലെ രണ്ട് സഹായ മെത്രാന്മാർ കോട്ടയം പ്രസ് ക്ലബിൽ പോയി ക്നാനായ സമുദായത്തിനും സമുദായ മെത്രാപ്പോലീത്തായ്ക്കും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്കും എതിരെ പരസ്യമായി പത്രസമ്മേളനം നടത്തുന്നത് ഇത് രണ്ടാം പ്രാവശ്യമാണ്. ക്നാനായ സമുദായത്തിനുവേണ്ടിയാണ് സഹായമെത്രാന്മാരെ സമുദായം തിരഞ്ഞെടുത്തത്. ഇവർ സമുദായത്തിനെ വെല്ലുവിളിച്ചു കൊണ്ട് പത്രസമ്മേളനം നടത്തുന്നത് ഭൂഷണമാണോ. ഇവരെ തെരഞ്ഞെടുത്ത ക്നാനായ അസ്സോസിയേഷൻ തന്നെ ഇതിനു പരിഹാരം ഉണ്ടാക്കണമെന്ന് ക്നാനായ അസ്സോസിയേഷൻ അംഗങ്ങളെ അറിയിക്കുന്നു. ക്നാനായ സമുദായമെത്രാപ്പോലീത്ത ഈ വിഘിടിത മീറ്റിംഗിൽ പോയി ആരും സംബന്ധിക്കരുതെന്ന് എല്ലാ ദൈവാലയങ്ങളെയും കല്പന മൂലം അറിയിച്ചതിനു ശേഷമാണ് സഹായ മെത്രാന്മാർ പത്രസമ്മേളനം നടത്തിയതും മീറ്റിംഗിൽ സംബന്ധിച്ചതും എന്ന് നാം ഓർക്കണം, അത് അനുവദനീയമല്ല.

ക്നാനായ സമുദായത്തിലെ വിഷയങ്ങൾ പറഞ്ഞ് തീർക്കുന്നതിന് ക്നാനായ കമ്മിറ്റി എത്രയോ പ്രാവശ്യം ശ്രമിച്ചു. യാക്കോബായ സഭയുടെ ഇപ്പോഴത്തെ കാതോലിക്ക ബാവായുടെ ആസ്ഥാനത്ത് ഞങ്ങൾ നാലു പ്രാവശ്യം പോയി മീറ്റിംഗ് കൂടി ഏറ്റവും ഒടുവിൽ കാതോലിക്കാബാവാ അറിയിച്ചത് ക്നാനായ സമുദായ മെത്രാപ്പോലീത്ത അൺകണ്ടീഷണൽ അപ്പോളജി പറഞ്ഞാൽ മാത്രമേ ചർച്ച ഉള്ളു എന്ന്. അതു കൂടാതെ സമുദായത്തിനെതിരായി കോട്ടയം പ്രസ് ക്ലബ്ബിൽ പോയി പത്രസമ്മേളനം നയത്തിയ സഹായമെത്രാന്മാർ ആ പത്ര സമ്മേളനത്തിൽ പരസ്യമായി പറഞ്ഞു നിബന്ധനകൾ ഒന്നുമില്ലാതെ ക്ഷമ പറഞ്ഞെങ്കിൽ മാത്രമേ ചർച്ച ഉള്ളു എന്ന്. ഇത് കേൾക്കുമ്പോൾ ക്നാനായ ജനത്തിന് ഉണ്ടാകുന്ന സംശയം ക്ഷമ പറയത്തക്ക എന്തു കുറ്റമാണ് ക്നാനായ സമുദായത്തിന്റെ അധിപനായ ക്നാനായ സമുദായ മെത്രാപ്പോലീത്ത പ്രവർത്തിച്ചു എന്നുള്ളത് ഇവർ വെളിപ്പെടുത്തണം. ഇതിൽ നിന്നെല്ലാം ക്നാനായ സമുദായ ജനങ്ങൾ മനസ്സിലാക്കുന്നത് ഈ സമുദായത്തെ വിഘടിപ്പിച്ച് കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള ശ്രമമാണ് ഈ സഹായ മെത്രാന്മാർ നടത്തുന്നത് എന്നുള്ളത് വളരെ വ്യക്തമാണ്. ആയതിനാൽ ചർച്ചകൾ എല്ലാം വഴിമുട്ടി ഇപ്പോൾ നിൽക്കുകയാണ്. ചർച്ചകളിൽ കൂടി കാര്യങ്ങൾ പരിഹരിക്കാം എന്നുള്ളത് നടക്കാത്ത കാര്യമായി മാറിക്കൊണ്ടിരിക്കുന്നു. ക്നാനായ സമുദായം സൂര്യനും ചന്ദ്രനും ഉള്ളിടത്തോളം കാലം നിലനിൽക്കും എന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. ചിലരുടെ ഒക്കെ കെണിയിൽ വീണ് പോകുന്ന സമുദായ ജനങ്ങൾ മനസ്സിലാക്കണം ഒടുവിൽ നിങ്ങൾ ദുഃഖിക്കേണ്ടിവരും. വിഘടിത മീറ്റിംഗിനെതിരെ ക്നാനായ കോൺഗ്രസിന്റെ ഭാരവാഹികൾ പത്രസമ്മേളനം നടത്തുകയുണ്ടായി, അവരോടുള്ള നന്ദി അറിയിക്കുന്നു.

ക്നാനായ സമുദായ മെറിറ്റ് അവാർഡ് 2025 ഡിസംബർ മാസം 7-ാം തീയതി അപ്രേം സെമിനാരിയിൽ വച്ച് നടക്കുകയാണ്. ഇനിയും കുട്ടികളുടെ മാർക്ക് ലിസ്റ്റ് കൊടുക്കാനുള്ളവർ എത്രയും പെട്ടെന്ന് സമുദായ ഓഫീസിൽ അത് എത്തിക്കേണ്ടതാണ്. മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ആഭിമുഖ്യത്തിൽ 2-ാമത് ക്നായിത്തൊമ്മൻ സെവെൻസ് ഫുട്ബോൾ ടൂർണമെന്റ് ഈ വർഷവും ഡിസംബർ മാസം 26-ാം തീയതി ചിങ്ങവനത്ത് നടത്തപ്പെടും. വിശദവിവരം പുറകേ അറിയിക്കും. ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗോള ക്നാനായ സമുദായ ദിനം 2026 ജനുവരി പതിനെട്ടാം തീയതി ഞായറാഴ്ച ചിങ്ങവനത്ത് പതിനായിരങ്ങൾ പങ്കെടുക്കുന്ന മഹാസംഗമം നടക്കുകയാണ്. എല്ലാ സമുദായ അംഗങ്ങളും അതിൽ വന്ന് സംബന്ധിച്ച് ഒരു ചരിത്ര സംഭവമായി ഈ സംഗമത്തെ മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു ക്നാനായ സമുദായ വനിതാ സമാജത്തിന്റെ കേന്ദ്ര വാർഷിക സമ്മേളനം ഡിസംബർ അഞ്ചാം തീയതി വെള്ളിയാഴ്ച ചിങ്ങവനം പുത്തൻപള്ളിയിൽ വച്ച് നടക്കുകയാണ്. എല്ലാ വനിതാ സമാജ അംഗങ്ങളും അതിൽ സംബന്ധിക്കണം എന്ന് അറിയിക്കുന്നു.

ക്നാനായ സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ**

# അയൺമാൻ ട്രയാത്‌ലൺ ചാലഞ്ച്: ജോമി ജേക്കബിന് നേട്ടം

ലോകത്തിലെ ഏറ്റവും കഠിനമായ ഏകദിന കായികക്ഷമത പരീക്ഷണമെന്നു വിലയിരുത്തുന്ന അയൺമാൻ ട്രയാത്‌ലൺ ചാലഞ്ച് പൂർത്തിയാക്കി ഇന്ത്യൻ റവന്യൂ സർവ്വീസ് ഉദ്യോഗസ്ഥനായ ജോമി ജേക്കബ്. മലേഷ്യയിലെ ലങ്കാവിയിൽ നടന്ന അയൺമാൻ ട്രയാത്‌ലൺ 14 മണിക്കൂർ 19 മിനിറ്റുകൊണ്ടാണ് ജോമി ജേക്കബ് പൂർത്തിയാക്കിയത്.

തിരുവനന്തപുരം മേഖല സെൻട്രൽ ജിഎസ്ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മീഷണർ ഓഫീസിലെ അഡീഷനൽ കമ്മീഷണറാണു ജോമി.

ആൻഡമാൻ കടലിലൂടെ 3.8 കിലോമീറ്റർ നീന്തൽ, മലനിരകളിലൂടെ 180 കിലോമീറ്റർ സൈക്ലിംഗ്, 42.2 കിലോമീറ്റർ മാരത്തോൺ ഓട്ടം എന്നിവ ഉൾപ്പെടുന്നതാണ് അയൺമാൻ ട്രയാത് ലൺ ചാലഞ്ച്. കടുത്ത ചൂടും ഉയർന്ന ഈർപ്പവും നിറഞ്ഞ അന്തരീക്ഷവും കുത്തനെയുള്ള മലനിരകളിലൂടെയുള്ള സൈക്ലിംഗും ഉൾപ്പെടെയുള്ള പ്രതിസന്ധികളെ അതിജീവിച്ചു ദൗത്യംപൂർത്തീയാക്കുകയെന്നതാണു വെല്ലുവിളി.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കടുത്ത പരിശീലനത്തിനു ശേഷമാണ് ജോമി അയൺമാൻ ചാലഞ്ചിൽ പങ്കെടുത്തത്.

നീന്തൽ പരിശീലനം പുതുവൈപ്പ് ബിച്ചിലും സൈക്ലിംഗ് പരിശീലനം കുളമാവ്, കല്ലൂർക്കാട് മേഖലകളിലുമാണു നടത്തിയത്. സോൾസ് ഓഫ് കൊച്ചിൻ റണ്ണിംഗ് ഗ്രൂപ്പിനൊപ്പമായിരുന്നു മാരത്തോൺ പരിശീലനം. കഴിഞ്ഞ വർഷം ഡെൻമാർക്കിലെ കോപ്പൻഹേഗനിൽ നടന്ന അയൺമാൻ ചാലഞ്ചിലും ജോമി പങ്കെടുത്തിരുന്നു.

# സീനിയർ സിറ്റിസൺസ്

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

സർക്കാർ കണക്കിൽ 60 വയസ്സ് കഴിഞ്ഞവരെല്ലാം സീനിയർ സിറ്റിസൺസാണ്. അഥവാ മുതിർന്ന പൗരന്മാരാണ്. അവർക്കു ചില ആനുകൂല്യങ്ങൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നൽകിയിരിക്കുന്നു. യാത്രാനിരക്കിൽ കുറവ്, ബാങ്കിലിടുന്ന പണത്തിന് പലിശനിരക്കിൽ കൂടുതൽ, വരുമാന നികുതി (Income Tax) യിൽ ചില ഇളവുകൾ, മുതിർന്ന പൗരന്മാർക്കിരിക്കുവാൻ ചില സ്ഥലങ്ങളിൽ പ്രത്യേക ഇരിപ്പിടങ്ങൾ സംവരണം ചെയ്തിരിക്കുന്നു. ചില വരുമാനപരിധിയുടെ അടിസ്ഥാനത്തിൽ ക്ഷേമപെൻഷനുകൾ, ആരോഗ്യ ഇൻഷ്യറൻസ് പദ്ധതികൾ തുടങ്ങിയവ ഇതിൽ ചിലതാണ്. നാട്ടുകാരിൽ ചിലർ സീനിയർ സിറ്റിസണിനെ വയസ്സൻമാർ, വയസ്സികൾ, കിളവികൾ, മൂപ്പിലാൻ തുടങ്ങിയ പേരുകൾ വിളിക്കുന്നു. ഇവർ അനുഭവങ്ങളുടെ കലവറയും അടുത്ത തലമുറയ്ക്ക് ജീവനും ജീവിതവും കൊടുത്തവരും സമൂഹത്തിന്റെ പുരോഗതിയുടെ പ്രയാണത്തിൽ നിസ്തുല സംഭാവനകൾ നൽകിയവരുമാണ് എന്ന് വിസ്മരിക്കരുത്. ജീവിതമാകുന്ന ഓട്ടക്കളത്തിലെ ഫിനിഷിംഗ് പോയിന്റിലേക്കുള്ള കുതിപ്പാണ് വാർദ്ധക്യം. 90-ാം സങ്കീർത്തനത്തിൽ മനുഷ്യ ആയുസ്സ് എഴുപത് സംവത്സരം ഏറെ ആയാൽ എൺപത് സംവത്സരം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

വാർദ്ധക്യമെന്നത് ഒരു പ്രക്രിയയാണ് (Process) മഹാനായ ഷേക്സ്പിയർ വാർദ്ധക്യത്തെ രണ്ടാം ശൈശവമായി വിശേഷിപ്പിച്ചിട്ടുണ്ട്. ഉത്തമമായ ഒരു ഭാവനയാണ് അതെന്നു പറയാം. ശൈശവം പരസഹായം ഏറെ ആവശ്യപ്പെടുന്ന ഘട്ടമാണ്. മാനസികമായും ശാരീരികമായും ഏറെ പരിമിതികൾ അക്കാലത്തുണ്ട്. ഇതുതന്നെയാണ് വാർദ്ധക്യത്തിന്റെ അവസ്ഥയും. വൈദ്യശാസ്ത്രരംഗത്തെ പുരോഗതിയും ആരോഗ്യപരിപാലനത്തിലുള്ള ശ്രദ്ധയും നിമിത്തം ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ട്. അതുമൂലം വാർദ്ധക്യത്തിലെത്തുന്നവരുടെ സംഖ്യയും ഉയർന്നിരിക്കുന്നു.

കൂട്ടുകുടുംബ വ്യവസ്ഥയിൽ വാർദ്ധക്യം പ്രശ്നമായിരുന്നില്ല. ആവശ്യമായ ആദരവും പരിഗണനയും മുൻഗണനയും ലഭിച്ചിരുന്നു. ഇന്ന് ന്യൂക്ലിയർ കുടുംബ വ്യവസ്ഥയിൽ അതു പല ഭവനങ്ങളിലും ലഭിക്കുന്നുണ്ടോ, എന്ന് സോഷ്യൽ മീഡിയയിലെ ചില വാർത്തകൾ നമ്മളെ ചിന്തിപ്പിക്കുന്നു. കാരണം വൃദ്ധസദനങ്ങളുടെ (Old age homes) എണ്ണം കൂടുന്നത് സമൂഹത്തിലെ ഒഴിവാക്കാനാവാത്ത ഒരു ഭാഗമായി മാറിക്കഴിഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സാമൂഹ്യവ്യവസ്ഥയിലും കുടുംബ ബന്ധങ്ങളിലുമുണ്ടായ മാറ്റങ്ങളും വിദേശരാജ്യങ്ങളിലേക്കുള്ള യുവതലമുറയുടെ കുടിയേറ്റങ്ങളും ഒരു പരിധിവരെ ഇതിനു കാരണമാകുന്നുണ്ട്.

പ്രായമായവർ ഒരു കുടുംബത്തിന്റെ പവർ ഹൗസാണ്. ഞാൻ വയസ്സായി എന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്നു പറയുന്ന മാനസികാവസ്ഥ വാർദ്ധക്യത്തെ ദുഃഖപൂർണ്ണമാക്കും. മനഃശാസ്ത്രപരമായി ഇത് അപകർഷതാബോധമാണ്. വർഷങ്ങൾ ഒരു പക്ഷേ മുഖത്തിനും ശരീരത്തിനും ചുളിവുകളുണ്ടാക്കും. എന്നാൽ ഉത്സാഹം കൈവെടിയുന്നത് ആത്മാവിനും മനസ്സിലും ചുളിവുണ്ടാക്കും. അതുകൊണ്ട് വാർദ്ധക്യത്തിലും ഫലം കായ്ക്കും എന്നു പറയുന്നത് ഒരു മനോഭാവമാണ്. സരസനായ ഒരു മനുഷ്യൻ പറഞ്ഞു I am on the bright side of sweet seventy. പ്രതീക്ഷകൾ വളർത്തി ശുഭാപ്തി വിശ്വാസത്തോടെ ദൈവിക ചിന്തയോടെ ജീവിതത്തിന്റെ സുന്ദരവശങ്ങൾ മനസ്സിൽ താലോലിച്ചാൽ വാർദ്ധക്യത്തിലും ജീവിതം അതിമനോഹരമായിരിക്കും. പ്രായമായവർക്ക് പ്രവർത്തിക്കുവാൻ ധാരാളം അവസരങ്ങൾ ഉണ്ട്. ആ അവസരങ്ങൾ അവർ കണ്ടെത്തണം. അത് യുവതലമുറയ്ക്ക് വഴികാട്ടിയാകും. അവരുടെ നേട്ടങ്ങളെ അഭിനന്ദിക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുക. അവരുമായി ആശയവിനിമയം നടത്തുക. പഴയനിയമത്തിലെ അനിഷേധ്യ നേതാവായ മോശയെ ദൈവം വിളിച്ചത് എൺപതുവയസ്സുള്ളപ്പോഴാണ്. മദർതെരേസ എൺപത്തിയേഴാമത്തെ വയസ്സിലും കർമ്മനിരതയായിരുന്നു. Age is a matter of the mind If you don't mind, it does not matter. അതുകൊണ്ട് പ്രായമാകുന്നവരുടെ സാദ്ധ്യതകൾക്ക് ഒരു കുറവുമില്ല. വാർദ്ധക്യത്തിലെ മധുരഫലങ്ങളെപ്പറ്റി ചിന്തിക്കാതെ പരാതി മാത്രം പറയുന്ന മനസ്സിന് അവധികൊടുത്താൽ ശാന്തിയും കുളിർമ്മയും ലഭിക്കും.

വാർദ്ധക്യം ദൈവം നൽകുന്ന ഉദാത്തമായ ജീവിതഘട്ടമാണ്. അത് വർണ്ണോജ്ജ്വലമാകണമോ എന്നുള്ളത് നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കും. വാർദ്ധക്യം ഒന്നിനും വിലങ്ങുതടിയല്ലെന്ന് ചരിത്രത്തിലെ ആയിരമായിരം വ്യക്തികൾ നമ്മെ പഠിപ്പിക്കുന്നു. 80-ാം വയസ്സിലാണ് മഹാകവി ഗെഥെ തന്റെ മാസ്റ്റർപീസ്സായ "ഫോസ്റ്റ" എഴുതിയത്. സെന്റ് പീറ്റേഴ്സ് ദൈവാലയത്തിന്റെ ഗോപുരം നിർമ്മിച്ചത് മൈക്കലാഞ്ചലോയ്ക്ക് എഴുപതുവയസ്സുള്ളപ്പോഴാണ്. ചാൾസ് ഡാർവിന്റെ ഏറ്റവും വലിയ സംഭാവനകൾ 75-ാം വയസ്സിലാണ്. യോശുവായുടെ പുസ്തകത്തിലെ 85 വയസ്സുകാരൻ കാലേബിന്റെ ശുഭാപ്തിവിശ്വാസം ഈ കാലഘട്ടത്തിലെ വൃദ്ധജനങ്ങളെ മാടി വിളിക്കുന്നു. അവിടെ വെല്ലുവിളികളുണ്ട്. പക്ഷേ സാദ്ധ്യതകളുമുണ്ട്. എല്ലാ മനഃശാസ്ത്രങ്ങൾക്കുമപ്പുറത്തായി വാർദ്ധക്യകാലത്ത് നമ്മെ താങ്ങുന്ന ദൈവത്തിന്റെ കരങ്ങളുടെ ശക്തി അനുഭവിക്കണം. പ്രായമായി എന്നു പറയുന്നത് കേൾക്കുവാൻ ചിലർക്ക് താല്പ്പര്യമില്ല. everyone wants to live long, but no one wants to be called old. എല്ലാവർക്കും ദീർഘകാലം ജീവിക്കാനാഗ്രഹമുണ്ട്. പക്ഷേ വയോധികൻ എന്നു വിളിക്കുന്നതത്ര ഇഷ്ടവുമല്ലതാനും. വയസ്സല്ല വാർദ്ധക്യത്തിന്റെ അളവുകോൽ "നിനക്ക് എത്രകണ്ട് ആത്മവിശ്വാസമുണ്ടോ അത്രയ്ക്കു നീ

*(ശേഷം പേജ് 10-ൽ)*

# കുർബ്ബാന വീഥിയിൽ

**ഫാ. ജേക്കബ് കല്ലുകുളം**

## ധൂപക്കുറ്റി

ധൂപക്കുറ്റി സഭയുടെ പ്രതീകമാണ്. സ്വർഗ്ഗവും ഭൂമിയും ക്രിസ്തുവിൽ ഒന്നാകുന്നതാണ് സഭ. ധൂപക്കുറ്റിയുടെ താഴത്തെ (തട്ട്) പാത്രം ഭൂമിയുടെയും മുകളിലത്തേത് (തട്ട്) സ്വർഗ്ഗത്തിന്റെയും പ്രതീകമാണ്. അതിലെ കരി-പാപം നിറഞ്ഞ മനുഷ്യവർഗ്ഗത്തേയും, അഗ്നി - പാപികളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിനെയും, തീക്കനൽ - രൂപാന്തരപ്പെട്ട മനുഷ്യനെയും സൂചിപ്പിക്കുന്നു. അതിന്റെ നാലു ചങ്ങലകൾ ലോകത്തിന്റെ നാലു ദിക്കുകളെ, അതായത് സൃഷ്ടിയുടെ എല്ലാ ഭാഗത്തേയും കുറിക്കുന്നു. ഒന്നാമത്തെ ചങ്ങല പിതാവിനെയും രണ്ടാമത്തെ ചങ്ങല പുത്രൻ തമ്പുരാന്റെ ദൈവികതയേയും, മൂന്നാമത്തെ ചങ്ങല പുത്രൻ തമ്പുരാന്റെ മനുഷ്യത്വത്തെയും, നാലാമത്തെ ചങ്ങല പരിശുദ്ധറൂഹായേയും സൂചിപ്പിക്കുന്നു. ഓരോ ചങ്ങലയിലും 72 കണ്ണികളാണുള്ളത്. അവ ഓരോന്നും യേശുക്രിസ്തുവിന്റെ 72 അറിയിപ്പുകാരെ സൂചിപ്പിക്കുന്നു. ചങ്ങലകളെ കൂട്ടിയോജിപ്പിക്കുന്ന മുകളിലത്തെ വളയം പരിശുദ്ധ ത്രിത്വത്തിന്റെ ഏകത്വത്തെയും സൂചിപ്പിക്കുന്നു.

12 മണികൾ 12 അപ്പോസ്തോലന്മാരുടെ സാന്നിദ്ധ്യത്തിന്റേയും മണികളുടെ ശബ്ദം അവരുടെ സുവിശേഷ പ്രഘോഷണ പ്രഖ്യാപന ശബ്ദത്തിന്റേയും പ്രതീകമാണ്. അഗ്നി കരിക്കട്ടയെ എരിയിച്ച് കുന്തുരുക്കം അഗ്നിയിലുരുക്കി അന്തരീക്ഷത്തിലേക്ക് ഉയരുന്ന സൗരഭ്യധൂപം മനുഷ്യരുടെ സൽപ്രവൃത്തികളേയും ആരാധനയേയും പ്രാർത്ഥനയേയും ദൈവസന്നിധിയിലേയ്ക്ക് എത്തുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ധൂപക്കുറ്റി ദൈവമാതാവിന്റെയും പ്രതീകമാണ്. അഗ്നി പരി. കന്യകയുടെ ഉദരത്തിൽ വസിച്ച ദൈവത്തേയും സൂചിപ്പിക്കുന്നു.

2. ധൂപക്കുറ്റി വീശേണ്ടത് എപ്പോഴൊക്കെയാണ്?

സഭയുടെ പൊതുവായ പ്രാർത്ഥനകളിലാണ് ധൂപക്കുറ്റി വിശേണ്ടത്. വാങ്ങിപ്പോയവരുടേയും ജീവനുള്ളവരുടേയും ഒരുമിച്ചുള്ള പ്രാർത്ഥനയേയും ബലികാഴ്ചകളേയുമാണല്ലോ ധൂപം സൂചിപ്പിക്കുന്നത്.



പ്രധാനമായും ധൂപം വീശേണ്ടത് സഭയുടെ പരിശുദ്ധ രഹസ്യങ്ങൾ (കൂദാശകൾ) അനുഷ്ഠിക്കുന്ന സമയങ്ങളിലും രാവിലെയും വൈകിട്ടുമുള്ള സഭയുടെ പൊതുവായ പ്രാർത്ഥനകളിലുമാണ്.

വി. ഏവൻഗേല്യോൻ വായിക്കുന്ന സമയത്തും, സെദ്റാ വായിക്കുന്ന സമയത്തും എത്രൊയുടെ സമയത്തും കുക്കിലിയോന്റെ സമയത്തും ധൂപം വീശുന്നു. വി. കുർബ്ബാനയിൽ ധൂപകുറ്റി വാഴ്വ് നമ്മുടെ കർത്താവിന്റെ മാമോദീസായെ സൂചിപ്പിക്കുന്നു.

---

### *സീനിയർ സിറ്റിസൺസ്*

*(പേജ് 9 തുടർച്ച)*

ചെറുപ്പമായിരിക്കും. എത്രകണ്ട് സംശയമുണ്ടോ, അത്രയ്ക്ക് ജരാനരകൾ നിന്നെ ബാധിക്കും. എത്രയ്ക്കു ഭയമുണ്ടോ, അത്രക്കു നീ വൃദ്ധനാകും. എത്ര കണ്ടു പ്രത്യാശയുണ്ടോ അത്രയ്ക്കു നീ യുവാവായിരിക്കും". ഈ ഉദ്ധരണയിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. കേവലം പ്രായമല്ല ഒരു മനുഷ്യനെ യുവചൈതന്യമുള്ളവനാക്കി കാത്തുസൂക്ഷിക്കുന്നത്.

ദൈവത്തിലും നമ്മിൽ തന്നെയുമുള്ള അവിശ്വാസവും സംശയവും ഭയവും ജീവിത നൈരാശ്യവുമെല്ലാമാണ് നമ്മെ വേഗം വാർദ്ധക്യത്തിലേക്കു വലിച്ചിഴക്കുന്നത്. മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കുവാൻ ആഗ്രഹിക്കാതെ അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ സ്വജീവിതം ധന്യമാക്കാം. എന്നാൽ എല്ലാ കാര്യങ്ങളും ഞാൻ തന്നെ ചെയ്താലേ ശരിയാകൂ എന്ന ചിന്തയോടെ തൊട്ടതിനെല്ലാം തലയിടാൻ പോകരുത്. പടികടന്നെത്തുന്ന വാർദ്ധക്യത്തെ ഊർജസ്വരായി സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേർപ്പെട്ട് മനോഹരമാക്കുവാൻ സീനിയർ സിറ്റിസൺസിനു കഴിയട്ടെ.

# ST. PAUL'S KNANAYA CHAPEL

**Riyadh Saudi Arabia**



## MANAGING COMMITTEE 2025-2026

**PRESIDENT**



**VINOD ABRAHAM**
Karippal
St.Kuriakose Knanaya Church, Aythala - Ranni
+966 56 732 8520

**SECRETARY**



**ALAN THOMAS**
Murikolipuzha
St.George Knanaya Church
Ozhuvanpara - Ranni
+966 50 875 9086

**TRUSTEE**



**BOBAN ABRAHAM**
Nedungattethu
St. Mary's Knanaya Church
Mazhukeer
+966 56 766 8230

**PRAYER LEADER**



**NIBIN BABU**
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni

**COMMITTEE MEMBER**



**SHIJU OOMMEN**
Thekkethil
St. Mary's Knanaya Church
Kattodu - Vallamkulam

**COMMITTEE MEMBER**



**MON PUNNOOSE**
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni

**COMMITTEE MEMBER**



**ABRAHAM PHILIP**
Ezhumayil Kochuparambil
St Mary's jerusalem
Knanaya Church
Channanikadu

**COMMITTEE MEMBER**



**JINO PUNNOOSE**
Kinamthoppil House
St. John's Knanaya
Church Vadapuram

**SUNDAY SCHOOL HEADMISTRESS**



**PRIYA MON**
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni

**VANITHASAMAJAM COORDINATOR**



**LOVELIT BOBAN**
Nedungattethu
St. Mary's Knanaya Church
Mazhukeer

**YOUTH COORDINATOR**



**TINCY JOBIN**
Charuvukalayil
St Mary's knanaya church
Cherukulanji-Ranni

**KSA COORDINATOR**



**MANNA BOBAN**
Nedungattethu
St. Mary's Knanaya Church
Mazhukeer

Advt - O

# സാന്ത്വനം പാലിയേറ്റീവ് കെയർ ഉദ്ഘാടനം



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ക്നാനായ കോൺഗ്രസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സാന്ത്വനം പാലിയേറ്റീവ് കെയർ ഉദ്ഘാടനം **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.** നിർവഹിക്കുന്നു. **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**, വികാരി ഫാ. ജേക്കബ് കല്ലുകുളം, ട്രസ്റ്റി കെ.കെ. ചാക്കോ കൂർക്കകാലായിൽ സെക്രട്ടറി ഷൈൻ പ്ലാന്തോട്ടം, വിനോദ് പുലുത്തുരുത്തിൽ, ബിനോയി കൊച്ചുപുരയ്ക്കൽ, ജോസുകുട്ടി കുന്നേൽ, ലിറ്റോ സ്കറിയ മണക്കാട്ട്, റോയി പുത്തൻപുരയ്ക്കൽ, ബെന്നി കരിയിൽ, മാത്യു ഏബ്രഹാം പുതിയപറമ്പ്, അജി കൂർക്കകാലായിൽ, ചിക്കു കൂർക്കകാലായിൽ എന്നിവർ സമീപം.


*Congratulations*



Ron M Jacob son of Jacob Mathew and Rekha Jacob, Mangalathu family from Ranchi who has been awarded doctorate in process engineering from University of South -Eastern Norway (USN)

Advt - O



*60th Wedding Anniversary*
*07-11-2025*



**Mr. P.K. Kuriakose &**
**Leelamma Kuriakose**
**Punnucheril (H), Pakkil**

ഇതുവരെ കാത്തു പരിപാലിച്ച
ദൈവത്തിനു സ്തോത്രം.
പ്രാർത്ഥനയോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കുഞ്ഞുമക്കൾ

Advt - O

## കൂദാശ് ഈത്തോ ദിനാചരണം



ക്നാനായ സൺഡേ സ്കൂൾ സമാജം കൂദാശ് ഈത്തോ ദിനാചരണം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ ഫാ. ജേക്കബ് കല്ലുകുളം. ഫാ. മോനായി കെ ഫിലിപ്പ് കർക്കടകം പള്ളിൽ, ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, ബിനോ പാറക്കുളം, സജി തോമസ് തെക്കേകരോട്ട് എന്നിവർ സമീപം

## ക്നാനായ വനിതാസമാജം 31-ാമത് ആഗോള വനിതാ സംഗമം (വനിതാരവം 2025) പ്രാരംഭപ്രവർത്തനങ്ങളുടെ ഉദ്ഘാടനം



**ക്നാനായ വനിതാസമാജം 31-ാമത് ആഗോള വനിതാ സംഗമം (വനിതാരവം 2025)** പ്രാരംഭപ്രവർത്തനങ്ങളുടെ ഉദ്ഘാടനം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ട്രസ്റ്റി ശ്രീ. കെ.കെ. ചാക്കോ കൂർക്കകാലായിൽ**–നിന്ന് ആദ്യസംഭാവന സ്വീകരിച്ചുകൊണ്ട് നിർവ്വഹിക്കുന്നു. വികാരി ഫാ. ജേക്കബ് കല്ലുകുളം സമീപം.




# Congratulations



**Krupa K. Cherian**, daughter of
K.M. Cherian and Shyny Cherian,
Kunnuthara House, has secured the First
rank in MSc Clinical Psychology at
SRM University.
She is a member of St. John's Puthenpally,
Chingavanam.

Advt -O


# EMPOWER NEXT



എറണാകുളം സെന്റ് മേരീസ് ക്നാനായ പള്ളിയിൽ **EMPOWER NEXT** എന്ന യൂത്ത് പ്രോഗ്രാമിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജഡ്ജി ജോൺസൺ ജോൺ നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. ജിനു മാത്യു, ക്നാനായ സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.






# മലങ്കര സുറിയാനി ക്നാനായ സൺഡേ സ്കൂൾ സമാജം ഭദ്രാസനതല കേന്ദ്ര കലോത്സവം

## ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ



മലങ്കര സുറിയാനി ക്നാനായ സൺഡേ സ്കൂൾ സമാജം ഭദ്രാസന തല കേന്ദ്ര കലോത്സവം സമാപന സമ്മേളനം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മാർ സേവേറിയോസ്** ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ ഫാ. ജേക്കബ് കല്ലൂകുളം, ജനറൽ സെക്രട്ടറി ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ, ഓർഗനൈസിംഗ് സെക്രട്ടറി എബ്രഹാം പള്ളിക്കപ്പറമ്പിൽ, ബിനോ പാറക്കുളം, സജി തെക്കേകരോട്ട്, ജൂബി കളത്തിൽ, ജെബി പള്ളിക്കപ്പറമ്പിൽ, ഫാ. മോനായി കെ ഫിലിപ്പ്, വിനു കോയിത്ര എന്നിവർ സമീപം

# ആധുനിക ലോകത്തിനു ചേർന്ന ഒരു നല്ല പേരെന്റ് ആണോ ഞാൻ?



സുനിൽ ഡി. കുരുവിള

“You can’t simply tell your kids what to do, you must lead by example.” Carl Jung

പഴയ കാലത്ത് അമ്മയ്ക്കോ അച്ഛനോ എന്തെങ്കിലും കുറവുണ്ടായാൽ കുട്ടികൾക്ക് ചുറ്റും വല്യച്ഛനും അമ്മാവനും കൊച്ചമ്മയും അമ്മായിയും ഒക്കെ ഉണ്ടായിരുന്നു. അമ്മയെയും അച്ഛനെയും തിരുത്താൻ ക്രമീകരിക്കാൻ ശാസിക്കാൻ ഒക്കെ കാരണവന്മാർ ഉണ്ടായിരുന്നു. സമൂഹത്തിൽ ജ്ഞാനികളായ പുരോഹിതന്മാരും അദ്ധ്യാപകരും തിരുത്താൻ ഉണ്ടായിരുന്നു.

എന്നാൽ ഇന്നോ? അമ്മയ്ക്കോ അച്ഛനോ കുറവുകൾ ഉണ്ടായാൽ അതിന്റെ കുറവ് കുട്ടികൾക്ക് ഉണ്ടാകും. ആരും ആരെയും തിരുത്തുന്നില്ല. ആരും ആരെയും കരുതുന്നില്ല. നമ്മുടെ ജീവിതത്തിൽ ആരും ഇടപെടുന്നത് നമുക്ക് ഇഷ്ടമല്ല! ഇവിടെയാണ് പേരെന്റ്സ് നന്നായി ഒരുങ്ങേണ്ടതിന്റെ ആവശ്യം. അല്ലാത്ത പക്ഷം കുട്ടികളുടെ ജീവിതം കുറഞ്ഞു പോകും അവർ ലോകത്തു വില കുറഞ്ഞവരായി തീരും! മറ്റെന്തിനേക്കാളും ഉപരി ഇന്ന് കുട്ടികളുടെ ജീവിതത്തെ സ്വാധീനിക്കുന്നത് അവർക്കു ലഭിക്കുന്ന parenting തന്നെയാണ്.

Parenting ബലം കുറഞ്ഞതാകുമ്പോൾ കുട്ടികൾ peer pressure ലും സാമൂഹിക സാഹചര്യത്തിന്റെയും ഒക്കെ ബലിയാടുകളും ആയേക്കാം.

പേരെന്റിങ്ങിന്റെ ഏറ്റവും കാതലായ കാര്യം മാതാപിതാക്കളുടെ മെന്റൽ – ഇമോഷണൽ ആരോഗ്യമാണ്. ക്ഷമ, സഹനശക്തി, വൈകാരികമായ നിയന്ത്രണം, അച്ചടക്കം എന്നിവയുള്ള മാതാപിതാക്കൾ കുട്ടികൾക്ക് ആരോഗ്യപരമായ അന്തരീക്ഷം ഉറപ്പുനൽകും.

കുട്ടികളെ അവരുടെ പ്രത്യേകതകളോടെ കുറവുകളോടെ മാതാപിതാക്കൾ accept ചെയ്യാൻ തയ്യാറാകണം! നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ നമുക്ക് കുട്ടികളെ ലഭിക്കണമെന്നില്ല. കുട്ടികൾക്കനുസരിച്ചു അവരെ പൂർണ്ണമനസ്സോടെ സ്വീകരിക്കാൻ തയ്യാറാകണം. ഉപാധികളില്ലാതെ സ്നേഹിക്കാൻ കഴിയണം. താരതമ്യം വലിയ അപകടം ചെയ്യും. പരസ്പരം ബഹുമാനിക്കുന്ന ദമ്പതികൾ കുട്ടികൾക്ക് വളരെ അനുഗ്രഹമാണ്. സന്തോഷവും സമാധാനവുമുള്ള ഭവന അന്തരീക്ഷം കുട്ടികളുടെ development നു ആക്കം കൂട്ടും!

മികച്ച മാതാപിതാക്കൾ കുട്ടികളെ കേൾക്കാനുള്ള സമയം കണ്ടെത്തും. അവരെ മനസ്സിലാക്കാനും അവരുടെ മികവുകളും ഇഷ്ടങ്ങളും കണ്ടെത്തും പ്രോത്സാഹിപ്പിക്കും. ചെറിയ പ്രായത്തിൽ തന്നെ അവരുടെ വളർച്ച ആവശ്യങ്ങൾ കണ്ടെത്തും പരിപോഷിപ്പിക്കും. മക്കൾക്ക് മാതാപിതാക്കളിൽ നിന്ന് ഏറ്റവും കൂടുതൽ വേണ്ടത് സുരക്ഷിതത്വവും വിശ്വാസവുമാണ്. ഉപാധികളില്ലാത്ത സ്നേഹമാണ്. അവർക്കു natural ആയി അവരുടെ വികാരങ്ങളെ ventilate ചെയ്യാനുള്ള സുരക്ഷിത ഇടങ്ങളായി ഭവനങ്ങൾ മാറണം. കുട്ടികളുടെ ബുദ്ധിവളർച്ച ഏഴെട്ട് വയസ്സോടെ ഏറെക്കുറെ അവസാനിക്കും. അതുകൊണ്ടുതന്നെ ആദ്യവർഷങ്ങളിൽ കുട്ടികളെ ഏറെ ശ്രദ്ധിക്കണം. പോഷക സമൃദ്ധമായ ഭക്ഷണം ഏറെ പ്രധാനം. ഓടിച്ചാടിയുള്ള കളികൾ നല്ല ഉറക്കം ശുചിത്വം സന്തോഷം എന്നിവ കുഞ്ഞു പ്രായത്തിൽത്തന്നെ ഉറപ്പുവരുത്തേണ്ടതുണ്ട്.

പഠനവൈകല്യം, ADHD (Attention Deficit Hyperactivity Disorder), മാനസിക-വൈകാരിക-വ്യക്തിത്വ കുറവുകളൊക്കെ വളരെ ചെറിയ പ്രായത്തിലെ കണ്ടെത്തി പരിഹരിക്കണം. വേണ്ടിവന്നാൽ professional സഹായം എടുക്കാൻ മടികാണിക്കരുത്. ഏതു പ്രശ്നവും തുടക്ക സമയത്തു കണ്ടെത്തിയാൽ പൂർണ്ണ പരിഹാരം സാധ്യമാണ്.

ചെറിയ പ്രായത്തിൽ അമിതമായി കുട്ടികളെ academic ആയി സമ്മർദ്ദം ചെലുത്തരുത്. അവർ ഹാപ്പിയാണ് എന്ന് ഉറപ്പു വരുത്തുക. സമപ്രായക്കാരായ കുട്ടികളോടൊത്ത് ഇടപെടാൻ അവസരം കൊടുക്കുക. അവധി ദിവസങ്ങളിൽ മാളിൽ പോകാതെ relatives, നെയും സുഹൃത്തുക്കളെയും കാണാൻ പോകുക.

അച്ചടക്കം ചെറിയ പ്രായത്തിലേ ശീലിപ്പിക്കുക. നിർബന്ധങ്ങൾ, അമിത വാശി ഇവയ്ക്കൊക്കെ വഴങ്ങി കൊടുക്കേണ്ട. സെൽഫോൺ കളിപ്പാട്ടമല്ല. കുട്ടികൾക്ക് ബോറടിക്കുന്നു എന്നു പറയുമ്പോൾ ടി.വി വച്ചുകൊടുക്കണമെന്നില്ല. ബോർ അടിക്കട്ടെ. ബോർ അടിക്കുമ്പോഴാണ് കുട്ടികൾ പുതിയ സ്കില്ലുകൾ കണ്ടെത്തുന്നത്. ക്രിയാത്മകമായി ചിന്തിക്കുന്നത്. അവരുടെ resources തിരിച്ചറിയുന്നത്... സ്വന്തമായി പലതും explore ചെയ്യുന്നത് ഹോബികളെ പ്രോത്സാഹിപ്പിക്കാം...കുട്ടികൾ ഹാപ്പിയാകട്ടെ. അമിത ട്യൂഷനും കോച്ചിങ്ങും വേണ്ട. മണ്ണും മഴയും വെയിലും... പ്രകൃതിയെ അറിഞ്ഞു ജീവിക്കട്ടെ! Pets, ഗാർഡനിങ്ങ്, വായന, വീട്ടുജോലികൾ ഒക്കെ അവരെ മെച്ചപ്പെടാൻ സഹായിക്കും.

കുട്ടികളോടൊപ്പം quality time ചിലവഴിക്കാൻ മാതാപിതാക്കൾ ശീലിക്കുക. ക്ഷമയോടെ സന്തോഷത്തോടെ അവരെ കേൾക്കുക, വിശേഷങ്ങൾ ഒക്കെ ചോദിച്ചറിയുക, കഥകൾ പറഞ്ഞു കൊടുക്കുക, വായിച്ചു കൊടുക്കുക, കൂടെ കളിക്കുക ഒക്കെയാവാം. ആ സമയം പൂർണ്ണമായും അവരെ മാത്രം ശ്രദ്ധിക്കുക.

സെൽഫോൺ മാറ്റിവയ്ക്കുക. അവരോടൊപ്പമുള്ള സമയം താല്പര്യത്തോടെയും ഇഷ്ടത്തോടെയും മാത്രമായിരിക്കണം ചിലവഴിക്കേണ്ടത്.

കുട്ടികളുടെ കുറവുകളിൽ അസ്വസ്ഥരാകരുത്. ക്ഷമയാണ് വേണ്ടത്...സ്നേഹവും പ്രോത്സാഹനവും ഉണ്ടെങ്കിൽ ഏതു കുറവുകളേയും കുട്ടികൾക്ക് അതിജീവിക്കാൻ കഴിയും.

കുട്ടികൾക്ക് സ്കൂൾ സെലക്ട് ചെയ്യുമ്പോൾ അവർക്കു ചേരുന്നതും അവരെ develop ചെയ്യാൻ സഹായിക്കുന്നതുമായ സ്കൂൾ select ചെയ്യുക. Sports, arts, സംസ്കാരം, വ്യക്തിത്വം ഒക്കെ പരിപോഷിപ്പിക്കുന്നതാവണം സ്കൂളുകൾ, ഇന്ന് പല സ്കൂളുകളും broiler chicken കേന്ദ്രങ്ങളാണ്. International എന്നൊക്കെ പറയുന്ന പല സ്കൂളുകളിലും അധ്യാപക നിലവാരം വളരെ പരിതാപകരമാണ്. 'ലിപസ്റ്റിക്കും' ഓവർ കോട്ടും ഒന്നുമല്ലല്ലോ അധ്യാപക നിലവാര ഘടകങ്ങൾ!

നല്ല മൂല്യങ്ങളും സംസ്കാരവും ജീവിതത്തിൽ പുലർത്താൻ മാതാപിതാക്കൾ ശ്രമിക്കുക. നിങ്ങൾ ജീവിതത്തെ എങ്ങനെ സമീപിക്കുന്നു ഇതാണ് കുട്ടികൾ പാഠമാക്കുന്നത്. അദ്ധ്വാനശീലവും സത്യസന്ധതയും positivity യും ഒക്കെ കണ്ടുവളരാൻ കുട്ടികൾക്ക് അവസരം നൽകാം. "ടാങ്കിൽ ഉള്ളതേ ടാപ്പിൽ വരൂ!"

കുട്ടികൾക്ക് പഠനത്തിലോ സ്വഭാവത്തിലോ എന്തെങ്കിലും serious ആയ പ്രശ്നം ഉണ്ടെന്നു കണ്ടാൽ മാതാപിതാക്കൾ നല്ല ഗൈഡൻസ് എടുക്കാൻ തയ്യാറാവുക. കൗമാരപ്രായത്തിലുള്ള കുട്ടികളെ അമിതമായി ഉപദേശിക്കാൻ ശ്രമിക്കാതിരിക്കുന്നതാണ് ബുദ്ധി. അവരുടെ കുറ്റങ്ങൾ മാത്രം എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതും ഒട്ടും ഗുണം ചെയ്തില്ല. അവരുമായി നല്ല ചർച്ചകൾ ചെയ്യാൻ സമയം കണ്ടെത്താം. നല്ല വൈകാരിക ബന്ധം കുട്ടികളുമായി പുലർത്തുകയാണെങ്കിൽ നമ്മൾ പറയുന്നത് അവർ കേൾക്കാൻ തയ്യാറാകും.

സാമൂഹിക ബോധം, സംസ്കാരം, ചരിത്രബോധം, പരിസ്ഥിതിബോധം ഒക്കെ ഒരു നല്ല വ്യക്തിത്വത്തിന്റെ അടയാളമാണ്. ഇതൊക്കെ പരിപോഷിപ്പിക്കാൻ സ്കൂളിൽ സമയമില്ല... മാതാപിതാക്കൾക്ക് കാഴ്ചപ്പാടില്ല...

അനാവശ്യ മത്സരതൃഷ്ണ അവരിൽ വളർത്താതിരിക്കാം. അവർ ആദ്യം സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും പഠിക്കട്ടെ. തോൽക്കാനും പഠിക്കേണ്ടതുണ്ട്. അമിതവാശിയും നിർബന്ധവും ഒന്നും സാധിച്ചുകൊടുക്കേണ്ടതില്ല. വിനയവും എളിമയും ശീലിപ്പിക്കാം. ഉപദേശമല്ല സ്വയം മാതൃകയാവുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. ബഹുമാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ അവർ പഠിക്കുന്നത് ഭവന അന്തരീക്ഷത്തിൽനിന്നു തന്നെയാണ്. അതിനുള്ള ധാരാളം മുഹൂർത്തങ്ങൾ കുഞ്ഞുങ്ങൾക്കായി സൃഷ്ടിക്കാം.

കുട്ടികളെ ഭയപ്പെടുത്തി വളർത്താൻ ശ്രമിക്കുന്നത് മണ്ടത്തരമാണ്... കുട്ടികളെ responsible ആക്കി വളർത്തുക. അവരെ respect ചെയ്താൽ അവരും respect ചെയ്യും. അവരെ തിരുത്തേണ്ട സമയത്തു അവരോടു സ്വകാര്യമായി അത് communicate ചെയ്യുന്നതാവും ഫലപ്രദം. Patience, tolerance, respect ഒക്കെ അവരെ ചെറിയ പ്രായത്തിൽ തന്നെ ജീവിത അനുഭവങ്ങളിലൂടെ ശീലിപ്പിക്കുക. ഓരോ സാഹചര്യങ്ങളിലും അവർ എങ്ങനെ ചിന്തിക്കുന്നു അവരുടെ അഭിപ്രായങ്ങൾ എന്ത് എന്നൊക്കെ മനസ്സിലാക്കാൻ ശ്രമിക്കുക. കുട്ടികൾക്ക് dignity യും value ഉം നമ്മൾ കൊടുത്താൽ അവർ പിന്നെ cheap ആകാൻ ശ്രമിക്കില്ല. ഹാപ്പിയായി- വിലയുള്ളവരായി വളരുന്ന കുട്ടികൾ വഴിതെറ്റില്ല... കുറഞ്ഞുപോകില്ല! പഠിക്കാൻ പഠിക്കട്ടെ. വിദ്യാഭ്യാസത്തിന്റെയും അറിവിന്റെയും പ്രാധാന്യം തിരിച്ചറിയാൻ അവസരം നൽകണം പ്രമുഖ വ്യക്തിത്വങ്ങളെയൊക്കെ അവർ പരിചയപ്പെടട്ടെ... അവസരങ്ങൾ ഒരുക്കണം! By education I mean an all-round drawing out of the best in the child and man; body, mind and spirit." Mahatma Gandhi

Relationship നു പ്രാധാന്യം നൽകി വളർത്തുക.

സൗഹൃദങ്ങൾ പരിപോഷിപ്പിക്കുക. പണത്തേക്കാളും മാനുഷികമൂല്യങ്ങൾക്കു വില നൽകി മാതൃകയാവുക! ഇന്ന് കുട്ടികളിൽ വിതയ്ക്കാത്തതൊന്നും നാളെ അവരിൽ നിന്ന് പ്രതീക്ഷിക്കരുത്! തോൽക്കാനും പ്രശ്നങ്ങളെ നേരിടാനും വിമർശനങ്ങളെ നേരിടാനും ഒക്കെ കുട്ടികളെ ശീലിപ്പിക്കുക. Grateful ആകാനും thankful ആകാനും മക്കൾ പഠിക്കട്ടെ! മറ്റുള്ളവരെ കരുതാനും respect ചെയ്യാനും അവർ ശീലിക്കട്ടെ.

പണം കൈകാര്യം ചെയ്യാനും അത്യാവശ്യം ജീവിത സാഹചര്യങ്ങൾ കൈകാര്യം ചെയ്യാനും basic cooking ചെയ്യാനുമൊക്കെ ചെറിയ പ്രായത്തിലെ പഠിക്കട്ടെ!

തീരുമാനങ്ങൾ എടുക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും അവർ പഠിക്കട്ടെ. എല്ലാം ചെയ്തു കൊടുത്തു കുട്ടികളെ ഡിസിബിലിറ്റി ഉള്ളവരാക്കാതിരിക്കുക. വലിയ വെല്ലുവിളികളും uncertainty യും ഉള്ള ലോകമാണ് അവരെ കാത്തിരിക്കുന്നത്. ആത്മവിശ്വാസത്തോടെ അവർ ജീവിതത്തെ നേരിടട്ടെ. സമൃദ്ധിയായ ജീവിതം ആസ്വദിക്കാൻ കഴിയട്ടെ!

തലമുറയെ കരുതാം. മാതാപിതാക്കൾ മികച്ച guidance ഉം councelling ഉം എടുക്കുന്നത് ഏറ്റവും അഭികാമ്യം. അദ്ധ്യാപകരും നന്നായി പരിശീലിക്കപ്പെടേണ്ടതുണ്ട്. മുതിർന്ന കുട്ടികൾക്കും ധാരാളമായി orientaion program കൾ ഒക്കെ ലഭിക്കാൻ അവസരമൊരുക്കാം. Plan or perish! 'Every child you encounter is a divine appointment.''

ഹാപ്പി ലിവിങ്!

സുനിൽ ഡി. കുരുവിള.

കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷൻ-ന്റെ സ്ഥാപകൻ. 27 വർഷങ്ങൾ കൊണ്ട് 4200-ൽ അതികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.

Cell: 9656144712/ 9847400712
YouTube: Sunil Kuruvilla
E mail sunil _ kuruvilla@rediffmail.com)

# സാന്ത്വനം പാലിയേറ്റീവ് കെയർ ഉദ്ഘാടനം

**ചി**ങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സാന്ത്വനം പാലിയേറ്റീവ് കെയർ ഉദ്ഘാടനം 12-10-2025 ഞായർ വി. കുർബ്ബാനയ്ക്കുശേഷം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. നിർവ്വഹിച്ചു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ക്നാനായ കോൺഗ്രസ് ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വികാരി ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. ശ്രീ. റോയി പുത്തൻപുരയ്ക്കൽ, ശ്രീ. കെ.കെ. ചാക്കോ കൂർക്കകാലായിൽ, ശ്രീ. ഷൈൻ പ്ലാന്തോട്ടം, ജൂബി കൊച്ചുപുരയ്ക്കൽ, വിനോദ് പുലുതുരുത്തിൽ, ബെന്നി കരിയിൽ, ലിറ്റോ മണക്കാട്ട്, ചിക്കു കൂർക്കക്കാലയിൽ, ജോസുക്കുട്ടി കുന്നേൽ, മാത്യു പുതിയാപറമ്പിൽ, റെജി കൂർക്കക്കാലായിൽ എന്നിവർ പ്രസംഗിച്ചു.

# മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല കൊച്ചു തിരുമേനി മോർ ഗ്രീഗോറിയോസ് ചാത്തുരുത്തി

ഉണ്ണി എബ്രഹാം, കൊറ്റുചാലിൽ

മലങ്കരയുടെ ആദ്യ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയെപ്പറ്റി കേട്ടിട്ടില്ലാത്തവർ കാണുകയില്ല. 1848 ജൂൺ 15-ാം തീയതി മുളന്തുരുത്തി പള്ളിത്തട്ട, ചാത്തുരുത്തി കുടുംബത്തിൽ മത്തായി, മറിയം ദമ്പതികളുടെ മകനായി ഈ പിതാവ് ഭൂജാതനായി. കൊച്ചയിപ്പോരയെന്നായിരുന്നു ബാല്യത്തിലെ പേര്. തന്റെ പിതൃസഹോദരനായ പള്ളിത്തട്ട ഗീവറുഗീസ് മല്പാൻ ആത്മീയ ജീവിതത്തിന് അദ്ദേഹത്തിന് വഴികാട്ടിയായി. അന്ത്യോഖ്യാ പ്രതിനിധിയും അന്നത്തെ ഇന്ത്യയുടെ ചീഫ് എപ്പിസ്ക്കോപ്പായുമായിരുന്ന കൂറിലോസ് തിരുമേനിയുടെ പ്രിയ ശിഷ്യനായിരുന്നു അദ്ദേഹം. സുറിയാനി ഭാഷയിലും വേദശാസ്ത്രത്തിലും അഗാധപാണ്ഡിത്യം കൂറിലോസ് തിരുമേനിയിൽനിന്നും അദ്ദേഹത്തിനു ലഭിച്ചു. 1858 സെപ്റ്റംബർ 14-ാം തീയതി കരിങ്ങാച്ചിറ സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ വച്ച് തിരുമേനി സ്മര്യപുരുഷന് കോറുയോ പട്ടവും തുടർന്ന് മ്ശംശോനോ പട്ടവും നൽകി. വെട്ടിക്കൽ ദയറായിലെ ജീവിതം തന്റെ ആത്മീയ ജീവിതത്തിന്റെ ഉന്നതിയിലേക്ക് അദ്ദേഹത്തെ നയിച്ചു. 1865 നവംബറിൽ കശ്ശീശ്ശാ പട്ടവും 1866-ൽ കോർ എപ്പിസ്ക്കോപ്പ സ്ഥാനവും കൂറിലോസ് തിരുമേനിയിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചു.

ആംഗ്ലിയൻ മിഷനറിമാരുടേയും തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരുടെയും ബ്രിട്ടീഷ് സർക്കാരിന്റെയും നിർലോഭ പിൻതുണയോടെ നവീകരണം നടത്തിക്കൊണ്ടിരുന്ന കോഴഞ്ചേരി, പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസിന്റെ പ്രവർത്തനങ്ങളെ ചെറുക്കാൻ ഒരു നാട്ടു മെത്രാൻ വേണമെന്ന ക്നാനായക്കാരുടെ നേതൃത്വസ്ഥാനം അലങ്കരിച്ചിരുന്ന ഇടവഴിക്കൽ ഗീവറുഗീസ് എപ്പിസ്ക്കോപ്പായുടെ നിർബന്ധപ്രകാരം പുലിക്കാട്ടിൽ ജോസഫ് കശ്ശീശ്ശായെ അന്ത്യോഖ്യായിലേക്കയച്ചു. 1865-ൽ യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായിൽനിന്നും (1847-1871) ജോസഫ് മാർ ദിവന്ന്യാസ്യോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായി അദ്ദേഹം മലങ്കരയിലെത്തി. 1872 ഏപ്രിൽ 7-ാം തീയതിയിലെ മലങ്കരയുടെ ഊർശിലേം എന്നറിയപ്പെടുന്ന മുളന്തുരുത്തി മാർത്തോമൻ യാക്കാബായ പള്ളിയിൽവച്ച് സ്മര്യപുരുഷന് പുലിക്കോടിൽ ദിവന്ന്യാസ്യോസ് തിരുമേനി ഗീവറുഗീസ് എന്ന പേരിൽ റമ്പാൻസ്ഥാനം നൽകി. ശെമ്മാശന്മാരെ പഠിപ്പിക്കുന്ന മല്പാനാക്കി നിയമിച്ചു. 1872 ഏപ്രിൽ മാസം ചാത്തുരുത്തി ഗീവറുഗീസ് റമ്പാന്റെ ശ്രമഫലമായി മലങ്കര സഭാമക്കളുടെ ഒരു യോഗം പരുമല സെമിനാരിയിൽ ചേരുകയും നവീകരണക്കാരിൽനിന്നും മലങ്കരസഭയെ രക്ഷിക്കാൻ പാത്രിയർക്കീസ്ബാവായെ മലങ്കരയിലേക്ക് ക്ഷണിക്കാൻ തീരുമാനമെടുത്തു. പുലിക്കോട്ടിൽ തിരുമേനിയുടെ 9 വർഷത്തെ കഠിനപ്രയത്നവും ഗീവറുഗീസ് റമ്പാന്റെ അക്ഷീണപരിശ്രമവും പ്രബലനായ അത്താനാസ്യോസിനെ ജയിക്കാനായില്ല. സത്യവിശ്വാസം മലങ്കരയിൽനിന്നും അപ്രത്യക്ഷമാകും എന്ന സ്ഥിതിയിലെത്തി. തുടർന്ന് പുലിക്കോട്ടിൽ തിരുമേനിയുടേയും ചാത്തുരുത്തി റമ്പാന്റെയും സംയുക്ത അപേക്ഷപ്രകാരം അന്ത്യോഖ്യായുടെ പരി: ഇഗ്നാത്തിയോസ് പത്രോസ് തൃതിയൻബാവ (1872-1894) മലങ്കരയിലെത്തി. 1874-ൽ തുർക്കി സുൽത്താന്റെ പ്രത്യേക വിസായിൽ പ്രായാധിക്യം, രോഗം എന്നിവയെ തൃണവൽക്കരിച്ച് സിംഹാസനം വിട്ടിറങ്ങി. പ്രതികൂല കാലാവസ്ഥയെയും പലവിധ ക്ലേശങ്ങളും കഷ്ടതയും സഹിച്ച് ദീർഘദൂര കപ്പൽയാത്ര നടത്തി ലണ്ടനിലെത്തി. 7 മാസത്തെ ദീർഘമായ കാത്തിരിപ്പിനുശേഷം വിക്ടോറിയ രാജ്ഞിയെ മുഖം കാണിപ്പാനും സങ്കടം ഉണർത്തിക്കാനും കഴിഞ്ഞു. അവിടെനിന്നും ലഭിച്ച അനുകൂലവിധിയുമായിട്ടായിരുന്ന ബാവായുടെ മലങ്കരയിലേക്കുള്ള ആഗമനം. മലങ്കരയിലെത്തി ബാവ ആദ്യമായി പാലകുന്നത്ത് മെത്രാനെ സ്ഥാനഭ്രഷ്ടനാക്കി. മലങ്കരസഭയ്ക്ക് എതിരായിട്ടുണ്ടായിരുന്ന മുടക്കുകളും കോടതിവിധിയുമെല്ലാം മാറ്റി മലങ്കര സഭയെ രക്ഷിച്ചു. മലങ്കരയിലെ പള്ളികളിൽ ഒരു ഇടവക രജിസ്റ്റർപോലും ഇല്ലാതിരുന്ന കാലത്ത്, ജനാധിപത്യം എന്തെന്ന് കേട്ടുകേൾവിപോലും ഇല്ലാതിരുന്ന കാലത്ത് മലങ്കര സഭയ്ക്കായി 1876-ൽ ഒരു ജനകീയ ഭരണഘടന എഴുതിയുണ്ടാക്കി. പല പുതിയ ഭരണപരിഷ്കാരങ്ങളും സഭയിൽ വരുത്തി. മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ചു. മലങ്കരയിലെത്തിയ ബാവായുടെ ദ്വിഭാഷിയും പ്രൈവെറ്റു സെക്രട്ടറിയുമായി പ്രവർത്തിച്ചതും ചാത്തുരുത്തി റമ്പാനായിരുന്നു. മലങ്കരയിൽ ഇദംപ്രഥമമായി മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വച്ച് ബാവാ മൂറോൻ കൂദാശ നടത്തി. പ്രസ്തുത മൂറോൻ എല്ലാ പള്ളികളിലും എത്തിക്കാൻ യോഗ്യനും പരിശുദ്ധനുമായി ബാവ തെരഞ്ഞെടുത്തതും ചാത്തുരുത്തി റമ്പാനെത്തന്നെയായിരുന്നു. മലങ്കരയുടെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന മുളന്തുരുത്തി സുന്നഹദോസിന്റെ മുഖ്യ സംഘാടകനും ചാത്തുരുത്തി റമ്പാനായിരുന്നു. അനുദിനം വർദ്ധിച്ചുവരുന്ന തേജസ്സോടെ ആത്മീയ കാര്യങ്ങൾ നിർവഹിച്ചിരുന്ന ഗീവർഗീസ് റമ്പാനിൽ കുടികൊള്ളുന്ന ദൈവാത്മാവ് പരി. ബാവായെ ആകർഷിച്ചു. 1876 ഡിസംബർ 10-ാം തീയതി വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ പള്ളിയിൽ വച്ച് ബാവ അദ്ദേഹത്തെ ഊർശിലെമിലെ പാത്രീയർക്കീസിന്റെ നാമം നൽകി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. പരി.പത്രോസ് തൃതിയൻ ബാവ മലങ്കരയിൽ വാഴിച്ച മെത്രാന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ ആൾ എന്നതിനാൽ ചാത്തുരുത്തി തിരുമേനി കൊച്ചു തിരുമേനിയെന്നറിയപ്പെടാനിടയായി. പുലിക്കോട്ടിൽ തിരുമേനി ഉൾപ്പെടെ 7 മെത്രാന്മാരെ ബാവ 7 ഭദ്രാസനങ്ങൾക്കായി നിയമിച്ചു. 1877 ജനു

വരി 29 ന് ബാവായുടെ അദ്ധ്യക്ഷതയിൽ വെളിയനാട് സെന്റ് സ്തേഫാനോസ് ക്നാനായ പള്ളിയിൽ കൂടിയ സുന്നഹദോസിലും കൊച്ചു തിരുമേനി സജീവ പങ്കാളിയായിരുന്നു. പ്രസ്തുത സുന്നഹദോസിൽ ഊർശിലേമിന്റെ അബ്ദേദാലോഹോ മാർ ഗ്രീഗോറിയോസും പങ്കെടുത്തു. മലങ്കരയിൽ വച്ചു മെത്രാന്മാർക്ക് പട്ടം കൊടുക്കുകയും 2 പേർക്ക് റമ്പാൻ സ്ഥാനവും 3 പേർക്ക് കോർ എപ്പിസ്ക്കോപ്പ സ്ഥാനവും 16 പേർക്ക് കശ്ശീശ്ശാ പട്ടവും 17 പേർക്ക് ശെമ്മാശൻ പട്ടവും കൊടുത്തു. രണ്ടര വർഷക്കാലം മലങ്കരയിൽ താമസിച്ച് മലങ്കര സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ച് സർവ്വവിധം സഭയെ പരിഭോഷിപ്പിച്ച് 1877 മെയ് 16-ന് ബോംബെ വഴി ബാവാ മടങ്ങിപ്പോയി. 1894-ൽ ഊർശിലേമിൽ വച്ച് കാലം ചെയ്തു.

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിന് ഉണർവ്വുള്ള തോട്ടക്കാരനെന്നർത്ഥം. ഉണർവ്വുള്ള തോട്ടക്കാരനായി ആദ്യം നിരണം ഭദ്രാസനത്തിന്റെയും കൊല്ലം ഭദ്രാസനത്തിന്റെയും അധിക ചുമതല വഹിച്ചു. മദ്ധ്യതിരുവിതാംകൂറിലെ ക്നാനായക്കാരുടെ ആത്മീയ കാര്യങ്ങളും അദ്ദേഹം നിർവ്വഹിച്ചിരുന്നു. അന്ത്യോക്യാ സിംഹാസനത്തിലേക്ക് ചെല്ലേണ്ട റസ്സീസ്സാ പിരിവിന്റെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. 1893 നവംബർ 2-ാം തീയതി ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായപള്ളിയുടെ ശിലാസ്ഥാപനം കൊച്ചു തിരുമേനി നിർവ്വഹിച്ചു. അന്ത്യോഖ്യാ മലങ്കര ബന്ധത്തെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന തീക്ഷ്ണത എത്രമാത്രമായിരുന്നുവെന്ന് പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അദ്ദേഹത്തിന്റെ 'ശൽമൂസാ' അദ്ദേഹത്തിന്റെ അന്ത്യോഖ്യാ ഭക്തിയുടെ ഉത്തമ ദൃഷ്ടാന്തമാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായി അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകുവാനിടയായി. 1895 ജനുവരി 8-ാം തീയതി അദ്ദേഹം നടത്തിയ ഊർശിലേം യാത്രയെപ്പറ്റി അദ്ദേഹം രചിച്ച പുസ്തകം മലങ്കര സഭയ്ക്ക് വിലപ്പെട്ട ഖനിയാണ്. രോഗബാധിതനായ അദ്ദേഹം 1902 ഒക്ടോബർ 2-ാം തീയതി കന്തീലാ ശുശ്രൂഷ സ്വീകരിച്ചു. 1902 നവംബർ 2-ാം തീയതി 54-ാം വയസിൽ കാലം ചെയ്തു പരുമലയിൽ കബറടങ്ങി.

1872-ൽ അരിക്പുറത്ത് 'കോരുത് മാത്തൻ' അന്ത്യോഖ്യാ സിംഹാസനത്തിന്റെ പേരിൽ ഇഷ്ടദാനമായി നൽകിയ സ്ഥലത്ത് പുലിക്കോട്ടിൽ ജോസഫ് മോർ ദിവന്ന്യാസ്യോസ് തിരുമേനി സ്ഥാപിച്ചതാണ് പരുമല സെമിനാരിയും സെന്റ് പീറ്റർ & സെന്റ്പോൾ പള്ളിയും. അന്ത്യോക്യായുടെ പരി. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ (1933-1957) ബാവാ 1947 നവംബർ 2-ാം തീയതി അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു. അന്ത്യോഖ്യായുടെ 122-ാ മത്തെ പാത്രീക്കീസായിരുന്ന പരി. ഇഗ്നാത്തിയോസ് സഖാ ഇവാസ് 1 (1980-2014) ബാവാ തിരുമനസ്സുകൊണ്ട് തന്റെ NOE/265/87 കല്പന പ്രകാരം വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ സ്മരിക്കാൻ ഔദ്യോഗികമായി കല്പന പുറപ്പെടുവിച്ചു. കിഴക്കിന്റെ 81-ാമത് മഫ്രിയോനോ ബസ്സേലിയോസ് ജോസഫ് പ്രഥമൻ ബാവ അദ്ദേഹത്തിന്റെ കുടുംബാംഗം അത്രേ.

പരുമല തിരുമേനിയുടെ തനി വെള്ളിയിൽ പണിയിച്ച ഒറ്റ തലയുള്ള അംശവടി ഇന്ന് ക്നാനായ സമുദായത്തിന് സ്വന്തമാണ്. അതിനെപ്പറ്റി മലങ്കരയുടെ പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത കൂബർ നീത്തി ഹാക്കീമോ എബ്രഹാം മാർ ക്ലീമീസ് തിരുമേനി ഇപ്രകാരം പറഞ്ഞു. "പണ്ട് മെത്രാന്മാർ കാലം ചെയ്യുമ്പോൾ അംശവടി അന്ത്യോക്യാ സിംഹാസനത്തിലേക്ക് തിരികെ ഏല്പിക്കുന്ന പതിവുണ്ടായിരുന്നു. പരുമല തിരുമേനി കാലം ചെയ്തപ്പോൾ അപ്രകാരം ചെയ്തിരുന്നു. പിന്നീട് 1910-ൽ ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ് തിരുമേനിയെ വാഴിച്ചപ്പോൾ അദ്ദേഹത്തിനും തുടർന്ന് നമ്മുടെ പക്കലും എത്തി. ഈ അംശവടി പ്രതികൂല സാഹചര്യത്തിൽ തനിക്ക് "ശക്തി പകർന്നിരുന്നു". ക്നാനായ സമുദായം എല്ലാ വെള്ളിയാഴ്ചയും അദ്ദേഹത്തിന്റെ ഓർമ്മയെ കൊണ്ടാടുന്നു. പരുമല തിരുമേനിയുടെ പൂർവ്വ പിതാക്കന്മാർ ക്നാനായക്കാർ ആയിരുന്നുവെന്ന് അദ്ദേഹത്തിന്റെ കുടുംബ ചരിത്രം വ്യക്തമാക്കുന്നു. പരുമല തിരുമേനിയുടെ 50-ാം ചരമ വാർഷികത്തോടനുബന്ധിച്ച് 1952-ൽ പുറപ്പെടുവിച്ചതും അന്നത്തെ ഓർത്തഡോക്സ് സഭയുടെ സെക്രട്ടറിയായിരുന്ന എം.സി. കുറിയാക്കോസ് തമ്പാന്റെയും സഭാ നേതാക്കന്മാരായിരുന്ന കെ.സി. മാമ്മൻമാപ്പിള, എ.എം.വർക്കി, ഒ.എം. ചെറിയാൻ എന്നിവരുടെയും തിരുമേനിയെപ്പറ്റിയുള്ള ലേഖനങ്ങളോട് കൂടിയ സുവനീറിൽ തിരുമേനി കുടുംബാഗമായ ശ്രീ.മാത്യു ചാത്തുരുത്തി എഴുതിയ ലേഖനത്തിലും ശ്രീ. ജിമ്മി ചാത്തുരുത്തി എഴുതിയ 'കുടുംബസ്മരണകൾ' എന്ന തലക്കെട്ടിൽ ഓർത്തഡോക്സ് സഭ പ്രസിദ്ധീകരിച്ച 'പുണ്യസ്മൃതി'യിലും പൂർവ്വ പിതാക്കന്മാർ ക്നാനായക്കാർ ആയിരുന്നുവെന്ന് വ്യക്തമാക്കിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഇടവകയായ 'മുളന്തുരുത്തി മാർത്തോമൻ കത്തീഡ്രൽ' എ.ഡി. 1110 നും 1125 നും ഇടയിൽ ക്നാനായക്കാർ പണി കഴിപ്പിച്ചതാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന് തായ്വേരുള്ള പിറവം പള്ളിയിൽ ക്നാനായക്കാർക്ക് പകുതി അവകാശവും ഉണ്ടായിരുന്നു. പരുമല തിരുമേനിയുടെ യഥാർത്ഥ മാതൃകയിൽ തുടർന്ന്, സത്യവിശ്വാസികളായി മുന്നേറാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ●

## ക്നാനായ സൺഡേസ്കൂൾ സമാജം കൂദോശ് ഈത്തോ ദിനാചരണം

ചിങ്ങവനം: ക്നാനായ സൺഡേസ്ക്കൂൾ സമാജം കൂദോശ് ഈത്തോ ദിനാചരണവും, റാലിയും 02-11-2025, 4.30 പി. എം. ന് ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടന്നു. ക്നാനായ സൺഡേസ്ക്കൂൾ സമാജം ഡയറക്ടർ ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിൽ, ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, ബിനോ പാറക്കുളം, സജി ടി. തോമസ് തെക്കേകരോട്ട് എന്നിവർ പ്രസംഗിച്ചു. സൺഡേസ്കൂൾ ദിന റാലി ചിങ്ങവനം ശാലേംപള്ളിയിൽ നിന്ന് ആരംഭിച്ച് പുത്തൻപള്ളിയിൽ സമാപിച്ചു. വിവിധ ക്നാനായ ദൈവാലയങ്ങളിൽ നിന്ന് സൺഡേസ്കൂൾ കുട്ടികളും അദ്ധ്യാപകരും പങ്കെടുത്തു.

# സത്യത്തിലേക്കുള്ള നടപ്പാത

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

നിത്യജീവിതത്തിൽ സാധാരണ പറഞ്ഞുവരുന്ന ചില വാക്കുകളുടെ അർത്ഥത്തെക്കുറിച്ച് പീലാത്തോസിനെപ്പോലെ നാമും ചിന്തിക്കാറില്ല. പീലാത്തോസ് യേശുവിനോട് "സത്യം എന്നാൽ എന്ത്?" എന്നു ചോദിച്ചു. (യോഹന്നാൻ 18:38). മാതൃഭാഷയിൽ സംസാരിക്കുന്നവർക്ക് ഇഷ്ടം പോലെ വാക്കുകൾ ഉപയോഗിക്കാം. ചില പദങ്ങൾ കലഹങ്ങൾ ഉണ്ടാക്കുന്നു, വലിയ ശത്രുതയും ഉണ്ടാക്കുന്നു. ഉത്തരവാദപ്പെട്ട രീതിയിലല്ല നാം വാക്കുകൾ ഉപയോഗിക്കുന്നത് എന്നർത്ഥം. ഏതെങ്കിലും ഒരു പദം ഉച്ചരിച്ചത് അബദ്ധമായിപ്പോയി എന്ന് ആരെങ്കിലും കുറ്റപ്പെടുത്തിയാൽ നാമെല്ലാം പറയുക ഇങ്ങനെയാണ്. ഞാൻ അങ്ങനെയല്ല ഉദ്ദേശിച്ചത്. ഉദ്ദേശിച്ചത് അങ്ങനെയല്ല എന്നു പറഞ്ഞാൽ സകല കുറ്റങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാം. എന്നാൽ വിവേകികൾ ചെയ്യേണ്ടത് അങ്ങനെയല്ല. ഉദ്ദേശിക്കുന്ന അർത്ഥം തന്നെ താൻ തെരഞ്ഞെടുക്കുന്ന വാക്കിൽ ഉണ്ടായിരിക്കണം.

സങ്കീർണ്ണമെന്ന് തോന്നാവുന്ന ഒരു കാര്യത്തെക്കുറിച്ച് ലളിതമായി ചിന്തിക്കുകയാണ്. നാം എപ്പോഴും പ്രയോഗിക്കുന്ന ഒരു വാക്കാണ് സത്യം എന്നത്. സത്യത്തെ എല്ലാവരും ഇഷ്ടപ്പെടുന്നു. സത്യം പറയണമെന്ന പ്രയോഗം ഏതു കുട്ടിക്കും അറിയാം. കോടതിയിലെ ജഡ്ജി മാത്രമല്ല സത്യത്തെ ഇഷ്ടപ്പെടുന്നത്. ഭൂമുഖത്തെ എല്ലാ മനുഷ്യരും സത്യത്തെ സ്നേഹിക്കുന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്നറിയാൻ എല്ലാവർക്കും താല്പര്യമുണ്ട്. ഇതിനിടയിൽ യഥാർത്ഥത്തിൽ എന്ന വാക്ക് ഇവിടെ പ്രയോഗിച്ചുവല്ലോ. വാസ്തവത്തിൽ യഥാർത്ഥം എന്ന് പറയുന്നതു തന്നെയാണ് സത്യം എന്നത്. ശരിയായ അർത്ഥം എന്നാണ് യഥാർത്ഥം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയെങ്കിൽ യഥാർത്ഥവും സത്യവും ഒന്നു തന്നെയാണ്. വാസ്തവത്തിൽ എന്ന വാക്കും ഇപ്പോൾ പ്രയോഗിച്ചുകഴിഞ്ഞു. ചിന്തിച്ചുനോക്കിയാൽ യഥാർത്ഥം തന്നെയാണ് വാസ്തവം. സംശയം വേണ്ട വാസ്തവം തന്നെയാണ് സത്യം. സത്യത്തോടുള്ള സ്നേഹം എല്ലാ ജീവജാലങ്ങളിലുമുണ്ട് എന്നതാണ് സത്യം. സത്യത്തോട് നാം ചേർത്തുപറയുന്ന ഒരു വാക്കാണ് ധർമ്മം എന്നത്. ധർമ്മം എന്ന പദവും നമുക്ക് സുപരിചിതമാണ്.

വഴക്കിടുമ്പോൾ ധർമ്മബോധത്തെക്കുറിച്ച് നാം പറയാറുണ്ടല്ലോ. ധരിച്ചിരിക്കുന്നത് എന്നാണ് ധർമ്മം എന്ന വാക്കിന്റെ അർത്ഥം. ഈ ലോകത്തെ ധരിച്ചിരിക്കുന്ന നീതി വ്യവസ്ഥയാണ് ധർമ്മം. ധർമ്മത്തിന് മാറ്റമില്ല. പ്രപഞ്ചത്തിൽ ആകെ ഒരു ധർമ്മമേയുള്ളൂ. അങ്ങനെ ചിന്തിച്ചാൻ സത്യം തന്നെയാണ് ധർമ്മം എന്നത് വ്യക്തമാണ്. ഇളനീര്, തേങ്ങ, നാളികേരം എന്നൊക്കെ പറയുന്നമാതിരി യഥാർത്ഥത്തിൽ എല്ലാം ഒന്നുതന്നെയാണ്. യഥാർത്ഥം, വാസ്തവം, സത്യം എന്നിവയോടൊപ്പം ധർമ്മത്തെയും നമുക്ക് ചേർത്തുവയ്ക്കാമെങ്കിൽ ഇനി ജ്ഞാനം എന്ന പദത്തെക്കുറിച്ച് ചിന്തിക്കാം.

അറിവിനെയാണല്ലോ ജ്ഞാനം എന്നു വിളിക്കുക.ഒരു കാര്യത്തെക്കുറിച്ച് സത്യസന്ധമായി അറിയുക. അതാണ് ജ്ഞാനം. നേര് അറിയുന്നവൻ ജ്ഞാനി. അതും സത്യം തന്നെയാണ്. അതുകൊണ്ടാണ് ജ്ഞാനികൾ സത്യസന്ധരായിരിക്കണമെന്ന് പറയുന്നത്. സത്യത്തെക്കുറിച്ച് ബോധമുള്ളവർ ജ്ഞാനികളാകുന്നു. സത്യവും ധർമ്മവും ജ്ഞാനവും ഒന്നാണെങ്കിൽ അതുതന്നെയാണ് ദൈവം എന്ന പദത്തിനർത്ഥം. ദൈവം സത്യമാകുന്നു എന്ന് പ്രവാചകന്മാർ പറഞ്ഞത് ഈ അർത്ഥത്തിലാണ്. ദൈവത്തിന്റെ അടിസ്ഥാനം സത്യമാണ്. അത് തികച്ചും ആന്തരികമാണ്. നാമെല്ലാം ആന്തരിക മനസ്സുകൊണ്ട് വാസ്തവത്തെ സ്നേഹിക്കുന്നവരാണ്. യഥാർത്ഥത്തെ അറിയുന്നവരാണ്. ഉള്ളിന്റെയുള്ളിൽ എല്ലാവരും ജ്ഞാനികളാണ്.

നമുക്കു ചുറ്റും ഒരു ലോകമുണ്ട്. ആ ലോകത്തിലാണ് നാം ജീവിക്കുന്നത്. അതുപോലെ തന്നെ നമ്മുടെ അകത്തും ഒരു ലോകമുണ്ട്. അകത്തുള്ള ലോകത്തിന് എത്ര പ്രാധാന്യമുണ്ടോ അത്രയും പ്രാധാന്യം പുറത്തുള്ള ലോകത്തിനുമുണ്ട്. ഇവ രണ്ടും യോജിക്കണം. സമഭാവത്തിൽ നിൽക്കണം. അകവും പുറവും തമ്മിൽ ഒരു വിളക്കിച്ചേർക്കൽ ആവശ്യമാണ്. ഇതിന്റെ പേരാണ് ഭക്തി എന്നത്. അങ്ങനെ ചിന്തിച്ചാൽ ഭക്തിയും സത്യവും ഒന്നുതന്നെയാണ്.

നമുക്കെല്ലാം നമ്മുടെ വിശ്വാസത്തെ മുറുകെ പിടിക്കാം. ഇനിയുള്ള ജീവിതത്തിൽ ഓരോ ദിവസവും സന്തോഷകരമായി മാറട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. സത്യത്തിലേക്കുള്ള നടപ്പാതയാണ് പ്രാർത്ഥന. അതുകൊണ്ടുതന്നെയാണ് സത്യം ജയിക്കട്ടെ എന്ന് എല്ലാവരും പ്രാർത്ഥിക്കുന്നത്. ●


## ചിങ്ങവനം

ചന്തക്കവലയുടെ ഹൃദയഭാഗത്ത് കെട്ടിട സമുച്ചയങ്ങളും 25 സെന്റ് സ്ഥലവും വിൽപ്പനയ്ക്ക് BAR HOTEL നും BUILDING COMPLEX പണിയുന്നതിനും അനുയോജ്യം

Ph. 0019415879253, 0014072096969

## സ്ഥലം വില്പനയ്ക്ക്

Redy made ജംഗ്ഷനു താഴെ കുറിച്ചി Y.M.A.യുടെ അടുത്ത് 8 സെന്റ് സ്ഥലം ചുറ്റുമതിലോടുകൂടി കൊടുക്കാനുണ്ട്.

Ph. 9400736418

# ഏവൻഗേലിയോൻ ദീപം



റോയി മാത്യൂസ് കോർ എപ്പിസ്കോപ്പാ, മുളമൂട്ടിൽ

**സഖറിയായോടുള്ള അറിയിപ്പ്**
**(16-11-2025) (ലൂക്കോ: 11:45-51, 1:5-21)**

നീതിമാനും നിഷ്കളങ്കനും ദൈവഭക്തനും ദോഷം വിട്ട കന്നവനുമായ സഖര്യാവിന്റെ അടുക്കൽ ദൈവദൂതൻ വന്നു യേശുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ ജന നത്തെക്കുറിച്ച് അറിയിക്കുന്നു. സഖറിയാവും ഏലിസബേത്തും മാതൃകയുള്ള ജീവിതം നയിച്ചു. കല്പനകൾ അനുസരിച്ച് പ്രാർത്ഥനാജീവിതം ഉള്ളവരായി ജീവിച്ചു. അതിന്റെ ഫലമായി ലോകം അറിയപ്പെടുന്ന യോഹന്നാൻ എന്ന വീരശൂരപരാക്രമിയായ ഒരു പുത്രനെ അവർക്ക് ലഭിച്ചു. നല്ല മക്കൾ ഉണ്ടാകണമെങ്കിൽ ദൈവഭക്തിയുള്ള ജീവിതം നയിക്കണം. ആദവും ഹവ്വായും ദൈവത്തെ അനുസരിക്കാതെ ജീവിതം നയിച്ചു. ഫലമോ കൊലപാതകിയായ കായീൻ എന്ന പുത്രനെ ലഭിച്ചു. അവൻ മാതാപിതാക്കൾക്ക് തീരാശാപമായിത്തീർന്നു. ദൈവത്തെ സ്നേഹിക്കുകയും തന്നോട് സംഭാഷണം നടത്തുകയും താൻ സകലത്തിനും മതിയായവൻ എന്നറിയുകയും തന്റെ ഹിതം അനുവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ അത് പ്രായോഗിക നിരീശ്വരത്വമാണ്. നാം പാപത്തിൽ വീണ് അനുതാപമില്ലാതിരിക്കുമ്പോഴും പ്രാർത്ഥിപ്പാൻ ഹൃദയപ്രകാശം ലഭിക്കുകയില്ല. അതും പ്രായോഗിക നിരീശ്വരത്വമാണ്. ആധുനിക മനുഷ്യന്റെ നിരീശ്വരത്വത്തിന്റെ പ്രത്യക്ഷ ലക്ഷണമാണ് സുഖലോലുപത്വവും, പണസമ്പാദനാനന്ദാനുഭൂതിയും, യുദ്ധക്കോപ്പു കൂട്ടുന്നതും, ചൂഷണോപാധികളും, ലൈംഗിക സ്വാതന്ത്ര്യവും സ്നേഹരാഹിത്യവും, മനസ്സാക്ഷിയുടെ മരവിപ്പും. ഇങ്ങനെയുള്ളവരുടെ ദൈവം വയറ്. ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു. അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു. എന്നാൽ നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ.

N.C.C. Review എന്ന മാസികയിൽ ടോം പറയുന്ന ഉപമ ഒരു പ്രവചനശബ്ദംപോലെ കേൾക്കണം. ഒരു പന്നി പത്തു കുട്ടികളെ പ്രസവിച്ചു. പത്തും പലതൂക്കമുള്ളതായിരുന്നു. വലിയ പന്നിക്കുട്ടികൾ തള്ളയുടെ വലിയ മുലയിൽ നിന്ന് പാൽ ധാരാളം കുടിക്കാൻ ധൃതിപ്പെട്ടുകൊണ്ടിരുന്നു. ചെറിയ പന്നിക്കുട്ടികൾക്ക് പാൽ കുറച്ചുകിട്ടി. പിന്നീട് ഭക്ഷണപാത്രത്തിൽ നിന്ന് വലിയ പന്നിക്കുട്ടികൾ ധൃതിയിൽ ധാരാളം ഭക്ഷിച്ചു. പെട്ടെന്ന് വലുതായി. ഒരു വർഷം കഴിഞ്ഞ് യജമാനൻ വന്ന് വലിയ പന്നികുട്ടികളെ ആദ്യം അറുത്തുകൊന്നു. ചെറിയ കുട്ടികൾക്ക് ധാരാളം സമയം ലഭിച്ചു. ഇതുപോലെ സമ്പന്ന സഭകളേയും വയറിനെ വലുതാക്കിയവരേയും ആദ്യം അറക്കും. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലം അല്ലോ. നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിൻതുടർന്ന് മാതൃകയുള്ള ജീവിതം നയിക്കാം.

**ദൈവമാതാവിനോടുള്ള അറിയിപ്പ്**
**(23-11-2025) (ലൂക്കോ.1:26-38)**

ദൂതൻ മറിയാമിന്റെ അടുത്തുവന്ന് ദൈവകൃപ നിറഞ്ഞവളെ നിനക്കു സമാധാനം കർത്താവ് നിന്നോടുകൂടെ എന്ന മംഗളവാർത്ത അറിയിച്ചു. മറിയാമിന്റെ എളിയജീവിതമാണ് അവളെ ദൈവത്തിന്റെ പ്രസാദത്തിന് പാത്രീഭൂതയാക്കിയത്. അവിടുന്ന് തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചു ഇപ്പോൾ മുതൽ സകല തലമുറകളും ഭാഗ്യവതി എന്നു വാഴ്ത്തും. താഴ്മയുള്ളവർ ഭാഗ്യവാൻ ആകുന്നു. മറിയാമിനെപ്പോലെ തന്നെത്താൻ താഴ്ത്തി ജീവിതം നയിക്കാം.

ദൈവത്തിന്റെ നിലയ്ക്കാത്ത സ്നേഹത്തിൽ വിശ്വസിക്കുകയും ആ സ്നേഹം അനുഭവിക്കുകയും ആ സ്നേഹത്തിൽ നിലനിൽക്കുകയും ചെയ്യേണ്ടവനാണ് ക്രൈസ്തവൻ. ലോകത്തിന്റെ പരാജയങ്ങളിലും ബുദ്ധിമുട്ടുകളിലും വെല്ലുവിളികളിലും പരീക്ഷണങ്ങളിലുമൊക്കെ ദൈവത്തിന്റെ കൃപ ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം. മാനുഷികമായ അംഗീകാരം തേടുന്നതിനോ സ്വന്തമായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ ശ്രമിക്കാതെ ദൈവത്തിന്റെ മുമ്പിൽ എളിയ ജീവിതം നയിച്ചെങ്കിൽ മാത്രമേ ദൈവത്തിന്റെ കൃപയിൽ നിറയുകയുള്ളു. ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ എന്ന വാക്കുകളിലൂടെ ദൈവവചനത്തിന് തന്നെ തന്നെ അവൾ കീഴ്പ്പെടുത്തി. ക്രിസ്തുശിഷ്യത്വത്തിന്റെ അടിസ്ഥാന സ്വഭാവമാണ് വചനം സ്വീകരണവും വചനത്തിലുള്ള നിലനിൽപ്പും. യോഹ.8:31. നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കും എങ്കിൽ എന്റെ ശിഷ്യനായിരിക്കും. പാപം ദൈവവചന തിരസ്ക്കരണമെങ്കിൽ രക്ഷ ദൈവവചന സ്വീകരണമാണ്. ക്രിസ്തുവിന്റെ രക്ഷ സ്വായത്തമാക്കുന്ന അനുഭവം വചനം സ്വീകരിക്കുന്ന അനുഭവം ആണ്. ആദിമസഭയിൽ വചനം സ്വീകരിച്ചവൻ രക്ഷ പ്രാപിച്ചു. വചനം സ്വീകരിക്കുക ജീവിതത്തിൽ എപ്പോഴും ഓരോ നിമിഷവും അനുഭവപ്പെടേണ്ട യാഥാർത്ഥ്യമാണ്. യോഹ.15:7 നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുമെങ്കിൽ ഇഷ്ടം ഉള്ളത് ചോദിച്ചാൽ അത് ലഭിക്കും. വചനത്തിൽ വിശ്വസിച്ച് വചനം മൂലം ചോദിച്ചാൽ എല്ലാ അനുഗ്രഹങ്ങളും ലഭിക്കും.

ദൈവം രക്ഷകനായി അവളുടെ ജീവിതത്തിലേയ്ക്ക് കടന്നുവന്നു. മറിയം ദൈവത്തിന്റെ രക്ഷയുടെ ആദ്യഫലമാണ്. രക്ഷിക്കപ്പെട്ടവരുടെ മുന്നോടിയായി അവളെ തെരഞ്ഞെടുത്തു കൃപാവരത്തിന്റെ നിറവ് നിറച്ചു. നമുക്കും ദൈവവചനം സ്വീകരിച്ച് വചനാനുസൃതമായ ജീവിതത്തെ നയിക്കാം. ആയതിന് ദൈവം കൃപ നൽകട്ടെ.

**എലിസബേത്തിന്റെ അടുക്കലേക്കുള്ള**
**മറിയാമിന്റെ യാത്ര (30-11-2025)**
**(ലൂക്കോ: 1:39-56)**

മറിയ എന്ന കർഷക കന്യക അവളുടെ ചാർച്ചക്കാരിയായ എലിസബേത്തിനെ കണ്ടമാത്രയിൽ അധരങ്ങളിൽ നിന്ന് അടർന്നുവീണ നിമിഷ കവിതയാണ് 'മറിയാം പറഞ്ഞതെന്തെന്നാൽ' എന്നു തുടങ്ങുന്ന മനോഹര കാവ്യം. എന്റെ വായിൽ പുതിയൊരു പാട്ടുതന്നു. നമ്മുടെ ദൈവത്തിനു സ്തുതി തന്നെ എന്ന സങ്കീർത്തനംപോലെ ആത്മീകാനുഭവത്തിൽക്കൂടി മറിയയും കടന്നുവെന്ന് അനുമാനിക്കാം. ദൈവ

ത്തിന്റെ അത്ഭുതവഴികൾ കണ്ട് അവനെ മഹിമപ്പെടുത്തുകയും രക്ഷിതാവിൽ ഉല്ലസിക്കുകയും ചെയ്ത ഭക്തന്മാരെ വേദപുസ്തകത്തിൽ കാണാം. മോശ ദൈവത്തിന്റെ രക്ഷാവഴികൾ കണ്ട് അവനിൽ സന്തോഷിക്കുകയും മിസ്രയിമിൽ ചെയ്ത മഹാപ്രവൃത്തികളും ചെങ്കടലിലെ അത്ഭുതകരമായ വിടുതലും കണ്ട് യഹോവയ്ക്കു സങ്കീർത്തനം പാടി. മിര്യാം തപ്പുകളോടും നൃത്തങ്ങളോടും കൂടെ പാടി സ്തുതിക്കുകയും ചെയ്തു.

ശത്രുനാശം കണ്ട് ദബോരയും ബാരാക്കും പാടി ദൈവത്തെ സ്തുതിച്ചു. ദൈവത്തിന്റെ ദാനത്തെ ഓർത്ത് ശമുവേൽ പ്രവാചകന്റെ മാതാവായ ഹന്നായും, ശിമയോനും, സഖറിയായും പാടി. പൗലോസും ചങ്ങല ധരിച്ച് കാരാഗൃഹത്തിന്റെ നടുവിൽ കിടക്കുമ്പോൾ പാടി ദൈവത്തെ സ്തുതിച്ചു. സാധു സുന്ദരസിംഗ്, പോളിക്കാർപ്പോസ് ഇവർ ഉപദ്രവം ഏൽക്കുമ്പോൾ പാടി മഹത്വപ്പെടുത്തി. ദൈവത്തിന്റെ കുഞ്ഞുങ്ങൾ പാടി ഉല്ലസിക്കുന്നതു കാണുന്നതു പോലെ സാത്താനെ ഭയപ്പെടുത്തുന്ന മറ്റൊരു കാഴ്ചയുമില്ല. പക്ഷികളാണെങ്കിൽ അതിരാവിലെ പാടി സന്തോഷിക്കും. പട്ടിയാണെങ്കിലും യജമാനന്റെ മുമ്പിൽ സ്നേഹവും നന്ദിയും പ്രകടിപ്പിച്ച് തുള്ളിക്കളിച്ച് ഉല്ലസിക്കും. യാതൊന്നു കൊണ്ടും തൃപ്തിവരാതെയും യാതൊന്നിനും വേണ്ടി ദൈവത്തെ സ്തുതിക്കാതെയുമിരിക്കുന്ന മനുഷ്യൻ ശുനകനേക്കാൾ നികൃഷ്ട ജീവിയാണ്.

കന്യക മറിയത്തിന്റെ വിപ്ലവാത്മകമായ പാട്ടിൽ ത്രിവിധവിപ്ലവങ്ങളാണു വില്യംബാർക്ലെ കാണുന്നത്. അഹങ്കാരവും ഗർവം നിറഞ്ഞ ഹൃദയങ്ങളെ തകർത്തു താളടിയാക്കുന്ന ധാർമ്മികവിപ്ലവം, പ്രഭുക്കന്മാരെ സിംഹാസനത്തിൽ നിന്ന് ഇറക്കി താണവരെ ഉയർത്തുന്ന വർഗ്ഗവർണ്ണ ജാതിവ്യത്യാസമില്ലാത്ത സാമൂഹിക വിപ്ലവം. സമ്പന്നരെന്നും ദരിദ്രരെന്നുമുള്ള വ്യത്യാസങ്ങൾ ഇല്ലാതാക്കുന്ന സാമ്പത്തിക വിപ്ലവം. മൂന്നുതരത്തിലുള്ള വിപ്ലവം വ്യക്തികളുടെ ഹൃദയങ്ങളിലും സാമൂഹിക സാമ്പത്തിക തലങ്ങളിലും വരുത്തുന്നതിനു ദൈവസ്നേഹത്തിനു മാത്രമേ കഴിയൂ. യേശുക്രിസ്തുവിൽ വെളിപ്പെട്ട ദിവ്യസ്നേഹത്തിന്റെ അനുകാരികളായിരിപ്പീൻ. ആ സ്നേഹത്തിൽ ഉറച്ചു നല്ല ഫലങ്ങൾ കായിക്കുന്നതിന് ദൈവം സഹായം നൽകുന്നുണ്ട്.

**യോഹന്നാൻ സ്നാപകന്റെ ജനനം (7-12-2025)**
**(ലൂക്കോ: 1:57-80, മത്തായി 11:11-19)**

സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനേക്കാൾ വലിയവനാണ് മത്തായി 11:11 ൽ യോഹന്നാൻ സ്നാപകനെപ്പറ്റി കർത്താവ് പറഞ്ഞതാണ്. എന്തുകൊണ്ട്.

1. തേജസ്സിന്റെ രാജ്യത്തിൽ യോഹന്നാൻ നല്ലവനും മഹാനുമായിരുന്നെങ്കിലും ന്യായപ്രമാണത്തെയാണ് അവൻ പ്രതിനിധീകരിക്കുന്നത്. അതുകൊണ്ട് സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കളെക്കാൾ എബ്രാ.12:23 കുറഞ്ഞ സ്ഥാനമേ തനിക്കുള്ളൂ.

2. ദൈവരാജ്യം കൃപയുടെ രാജ്യമാണ്. ശക്തിയിലും പൂർണ്ണത പ്രാപിച്ച സുവിശേഷയുഗമാണ്. പരി. കന്യകമറിയാം, അപ്പോസ്തലന്മാർ, വിശുദ്ധന്മാർ, സുവിശേഷകർ ആദിയായവർ സുവിശേഷയുഗത്തിലെ ഉദ്യോഗത്തിൽ യോഹന്നാനെക്കാൾ വലിയവരാണ്.

ക്രിസ്തു വന്നു എന്നു യോഹന്നാൻ പ്രസംഗിച്ചു. ക്രിസ്തുവന്നു, ക്രൂശിക്കപ്പെട്ടു, തേജസ്ക്കരിക്കപ്പെട്ടു, പിതാവിന്റെ വലതുഭാഗത്തിരുന്ന് വീണ്ടും വരും എന്ന് അവർ ഘോഷിച്ചു. യോഹന്നാൻ അടയാളം ഒന്നും ചെയ്തില്ല. അപ്പോസ്തോലന്മാർ വളരെ ചെയ്തു. യോഹന്നാൻ തന്റെ നിരയിലെ ഏറ്റം വലിയവനാണ്. എന്നാൽ ഉയർന്ന നിരയിലെ ചെറിയവൻ യോഹന്നാനെക്കാൾ വലിയവനാണ്. നമുക്ക് ലഭിച്ച വലിപ്പം കൃപയാൽ ലഭിച്ചതാണ്. ന്യായപ്രമാണവും പ്രവാചകന്മാരും ക്രിസ്തുവിനെക്കുറിച്ചു പ്രവചിച്ചു. അവർ യോഹന്നാൻവരെ പ്രവചിച്ചു എന്ന് ക്രിസ്തു പറഞ്ഞത് അതിശയിക്കുന്ന തേജസ്സിനാൽ അവരുടെ തേജസ്സ് നിഷ്പ്രഭമായെന്നു സ്ഥാപിക്കുവാനാണ്. ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന യോഹന്നാന്റെ സാക്ഷ്യത്താൽ അവരുടെ പ്രവചനങ്ങൾ തരം താഴ്ത്തപ്പെട്ടു. ക്രിസ്തു വരുന്നു എന്ന അവരുടെ പ്രവചനങ്ങൾ ക്രിസ്തുവന്നു എന്നുള്ള യോഹന്നാന്റെ സാക്ഷ്യത്തിന്റെ മുമ്പിൽ പഴഞ്ചനായിത്തീർന്നു. യോഹന്നാനിൽ പുതിയ നിയമയുഗം ഉദിക്കാൻ തുടങ്ങി. വരുവാനുള്ള ഏലിയാവ് ഇവൻ തന്നെ. രണ്ടു നിയമങ്ങളെ ബന്ധിപ്പിക്കുന്ന ആളായിരുന്നു യോഹന്നാൻ.

പഴയ നിയമത്തിലെ ഒടുവിലത്തെ പ്രവചനം കണ്ടാലും ഞാൻ നിങ്ങൾക്ക് ഏലിയാപ്രവാചകനെ അയക്കും എന്നായിരുന്നു. അവ ചരിത്രമായി മാറി. യോഹന്നാൻ ഏലിയാവാണെന്നു ക്രിസ്തു വെളിപ്പെടുത്തി. ഏലിയാവിന്റെ ആത്മാവിലും ശക്തിയിലും വന്നു മാനസാന്തരം പ്രസംഗിക്കുകയും പിതാക്കന്മാരുടെ ഹൃദയം മക്കളിലേക്ക് തിരിക്കുകയും ചെയ്യേണ്ട പുരുഷൻ ആയിരുന്നു യോഹന്നാൻ.

കേൾക്കാൻ ചെവി ഉള്ളവൻ കേൾക്കട്ടെ യോഹന്നാൻ പ്രവചിക്കപ്പെട്ട ഏലിയാവാണെങ്കിൽ ഒരു വലിയ സമൂഹപരിവർത്തനം നടത്തുവാൻ യോഹന്നാനു സാധിച്ചു. മ്ശിഹായുടെ രാജ്യം ആസന്നമാണെന്നു എല്ലാവരും അറിഞ്ഞു കൊൾവീൻ. ഈ കാര്യങ്ങൾ ഗൗരവമുള്ളതാകയാൽ ഗാഢമായി ശ്രദ്ധിക്കുവിൻ. ജനം അജ്ഞരായിട്ടല്ല പിന്നെയോ മനസ്സില്ലാഞ്ഞിട്ടത്രെ. ചെവികൊണ്ട് കേട്ടും ഗ്രഹിച്ചും അതനുസരിച്ച് ജീവിക്കുക. യോഹന്നാനെക്കാൾ വലിയവനാകുവാൻ ദൈവം വിളിക്കുന്നു.

**യൗസേഫിനുണ്ടായ വെളിപാട് (14-12-2025)**
**(വി. മത്തായി 1:18-25)**

കന്യകയിൽകൂടി യേശു ജനിക്കുന്നു എന്ന വാർത്ത പലരും പറഞ്ഞ് അറിഞ്ഞിരുന്നു എങ്കിലും യോസഫ് സംശയം നിമിത്തം കന്യകമറിയാമിനെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. യോസഫ് നീതിമാനായതുകൊണ്ട് അവളെ ദ്രോഹിക്കാതെ, ആരെയും കൊണ്ട് അവൾക്ക് അപവാദം ഉണ്ടാക്കാതെ ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കുമ്പോഴാണ് ദൂതൻ പ്രത്യക്ഷപ്പെട്ട് സംശയം തീർക്കുന്നത്. യോസഫിന് ദൂതൻ പ്രത്യക്ഷപ്പെട്ട് സംശയം തീർത്തില്ലായിരുന്നെങ്കിൽ വലിയ അപവാദങ്ങൾ ലോകത്തുണ്ടാവുകയും യേശു ജാരസന്തതി എന്ന പേരിന് അർഹനാവുകയും ചെയ്യുമായിരുന്നു.

സംശയം ഘോരസർപ്പം അതിന്റെ വിഷം എത്ര കഠിനം. വെറും സംശയത്തിന്മേൽ തകർന്നു തരിപ്പണമായ കുടുംബജീവിതങ്ങൾ ഉണ്ട്. മനുഷ്യൻ സംശയാലുവാണ്. തൊട്ടതിനൊക്കെ സംശയമേ ഉള്ളൂ. ആർക്കും ആരെയും വിശ്വാസമില്ല. അയൽ രാജ്യങ്ങളെ വിശ്വാസമില്ല. അവർ അതിർത്തിമാറ്റുമോ എന്ന സംശയം. ലോക രാഷ്ട്രങ്ങൾ ധനത്തിന്റെ 80% ചിലവഴിക്കുന്നത് പട്ടാളത്തിനും ആയുധ സംഭരണത്തിനുമാണ്. അന്യോന്യം വിശ്വാസമില്ലായ്മ.

സംശയ വിചാരങ്ങളെ വിധിക്കാതെ വിശ്വാസത്തിൽ ബലഹീനനായവനെ ചേർത്തുകൊൾവീൻ എന്ന് പൗലോസ് റോമർക്ക് എഴുതുന്നു. അത് വിശ്വാസികൾക്കുള്ള ഒരു പ്രബോധനമാണ്. ഈ പ്രബോധനം സ്വീകരിച്ചിരുന്നെങ്കിൽ

സഭയിലെ വഴക്കുകൾ, ഭിന്നതകൾ, ചേരിതിരിവുകൾ ഒക്കെ കൂടാതെ കഴിയുമായിരുന്നു. സംശയങ്ങളുടെ പേരിൽ വിധിയെഴുതി എത്രപേരെ തിരുത്തി നിറുത്തി, പിരിച്ചുവിട്ടു. സഭ രണ്ടായി, മൂന്നായി, ഭിന്നിച്ചു കലഹിച്ചു പിരിഞ്ഞു കാരണമോ സംശയം. സത്യം വെളിപ്പെടുന്ന നിത്യതയെ കാത്തുകൊണ്ട് സംശയങ്ങളുടെ മേൽ വിധിയെഴുതാതെ കാത്തിരുന്നെങ്കിൽ ലോകം എത്ര നന്നായിരുന്നേനേ. കർത്താവ് വരുവോളം സമയത്തിനു മുമ്പേ ഒന്നും വിധിക്കരുതേ. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. ആകയാൽ യൗസേഫിനു സംശയ നിവാരണം വരുത്തിയ കർത്താവിന്റെ സന്നിധിയിൽ സമർപ്പിച്ചാൽ സംശയം തീരും.

യൗസേഫ് പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ദൈവത്തിൽ സമർപ്പിച്ചതുമൂലം അവന് ഉറക്കത്തിൽ പ്രശ്നപരിഹാര മാർഗ്ഗം കാണാൻ കഴിഞ്ഞു. നീതിമാൻ പ്രശ്നങ്ങൾ ദൈവത്തിൽ സമർപ്പിക്കും.

# Showers of Blessings

**Seema Shinto Kanniyel, Ranni**

In the Holy Bible, Ezekiel 34:26, we can see that God is sending unending showers of blessings upon us. “I will send showers, showers of blessings, which will come just when they are needed. The orchards and fields of my people will yield bumper crops, and everyone will live in safety. He blesses his believers because he knows our needs at the right time. God watches over those who trust in him, with his ears always open to the pleas of those who believe.

God is showering us with blessings every day. Throughout our journey, we witness countless moments where he has poured his endless grace upon us. God is our shield, our tower of refuge and our strength as we trust in him. He declared “Be still, and know I am God. I will be exalted among the nations, I will be exalted in the earth”. If you faithfully obey the voice of the Lord your God, the Lord your God will set you high above all the nations of the earth and all these blessings shall come upon you and overtake you. If you obey the voice of the Lord your God, Blessed shall you be in the city, and blessed shall you in the field you will be blessed with fertile herds and flocks. You will be blessed with baskets overflowing with fruits and with kneading bowls with bread. The Lord will conquer your enemies when they attack you. They will attack you from one direction, but they will scatter from you in seven. The Lord will bless your endeavors, filling your store house with abundance. The Lord your God will bestow his blessings upon you in the land he has given to you.

The Lord will give you an abundance of good things in the land he swore to give your ancestors - Many children, numerous live stock, and abundant crops. The Lord will sent rain at the proper time from his rich treasury in the heavens to bliss all the work you do. Lord will make you the head and not the tail.

In the Holy Bible, we see the life of Abraham, a strong believer in God almighty who always obeyed him all heart. So God blessed him abundantly. Those who trust in God may face many trials and temptations in the world, but God almighty never allows a faithful one to slip down. As we reflect on Abraham’s life, we can recognize the great blessings that have been showered upon him by our Lord and Saviour.

In Genesis 12:2-3 of the Holy Bible, we witness the profound covenant of the Lord with Abram, a promise that inspires faith and purpose. God declared “I will cause you become the father of a great nation. I will bless you and makes you famous, and I will bless those who bless you and curse those who curse you. All the family of the earth will be blessed through you”. God reinforced his promises by saying do not be afraid, Abram I am your shield, your very great reward.

In Genesis 17:1-27 “ God appears to Abram again at age ninety-nine. Reiterating the covenant and saying. I will make my covenant between me and you and I may multiply you greatly".

The Lord showered unending blessings upon Abram, making him the father of a great nation. He was granted a son “Ezak” as a testament to faith. In their old age. Abram and Sara were blessed with this miracle, as her once barren womb became fruitful through the Lord’s grace. This promise was clear. “Offspring as numerous as the stars in the sky and the sand on the Seashore”.

Our God take care of the earth and water it, making it rich and fertile. Our heavenly father crown our life with a bountiful harvest, so the hard pathways overflow with abundance, and the hill side blossom with joy. So Be grateful and go forward.

# നിലവാരമില്ലാത്ത ജീവിതവും നിലവാരമില്ലാത്ത പ്രാർത്ഥനയും

**അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്**

ഭയങ്കരമായ നാശത്തിന്റെ കാലം വരും. അന്നു ജനങ്ങൾ സ്വാഭാവികമായ ലുബ്ധിനനുസരിച്ച് നടക്കുകയും തന്നിഷ്ട പ്രകാരം നടക്കുകയും പ്രവർത്തിക്കുകയും ഐഹിക ജീവിതത്തിനു പാരത്രിക ജീവിതത്തേക്കാൾ പ്രാധാന്യം നൽകുകയും ഓരോരുവനും അവനവന്റെ അഭിപ്രായത്തിനു വില കല്പിച്ചുകൊണ്ടു മറ്റുള്ളവരെ അനുസരിക്കാതെ ഇരിക്കുകയും ചെയ്യുന്ന കാലമായി മാറിക്കൊണ്ടിരിക്കുന്നു. "തന്നത്താൻ പുകഴ്ത്തുന്നവനല്ല, കർത്താവു പുകഴ്ത്തുന്നവനത്രേ കൊള്ളാവുന്നവൻ (2 കൊരി.10:17). ഇന്ന് സ്വന്തം കാര്യങ്ങൾ മറന്നുകൊണ്ടും മറ്റുള്ളവരെ തിരുത്തുന്നതിനാണ് കൂടുതൽ താൽപ്പര്യം.

ഖുറാനിൽ പറയുന്ന ഒരു കാര്യം സ്വർഗ്ഗവാസികളിൽപ്പെട്ട ചിലജനങ്ങൾ നരകവാസികളിൽ ചിലരോട് നിങ്ങൾ ഇവിടെ എങ്ങനെ വന്നു ചേർന്നു? നിങ്ങളുടെ ഉപദേശാനുസരണം പ്രവർത്തിച്ചാണല്ലോ ഞങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചത് എന്നു ചോദിക്കും. അവരുടെ മറുപടി ഞങ്ങൾ നിങ്ങൾക്കു സന്മാർഗ്ഗം കാണിച്ചുതന്നെങ്കിലും അതനുസരിച്ച് ഞങ്ങൾ പ്രവർത്തിക്കുന്നവരായിരുന്നില്ല. ന്യായവിസ്താര ദിവസം നാലു കാര്യങ്ങളെക്കുറിച്ചു ചോദ്യം ചെയ്യപ്പെടുന്നതുവരെയും ഒരു ദാസന്റെയും പാദങ്ങൾ നീക്കാൻ സാദ്ധ്യമല്ല. (1) ആയുസ്സ് എന്തു ജോലിയിലായി അവസാനിപ്പിച്ചു (2) യൗവ്വനം ഏതു കാര്യത്തിൽ ചിലവഴിച്ചു (3) ധനം എങ്ങനെ സമ്പാദിച്ചു, ഏതു വഴിയിൽ ചിലവഴിച്ചു (4) തന്റെ അറിവനുസരിച്ച് എന്തു പ്രവർത്തിച്ചു. അറിവനുസരിച്ച് ഹൃദയത്തിൽ പരിവർത്തനം ഉണ്ടാകുന്നില്ലായെങ്കിൽ ന്യായവിസ്താര ദിവസം ശിക്ഷയ്ക്ക് അർഹരാണ്. ഇന്നറിവുണ്ട് പ്രവർത്തനമില്ല. സ്വയം പ്രവർത്തിക്കാതെ ചെയ്യുന്ന ഉപദേശങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്നില്ല. ഇന്നു മഹായോഗങ്ങളും പ്രസംഗങ്ങളും ധ്യാനങ്ങളും ധാരാളം നടന്നുകൊണ്ടിരിക്കുന്നെങ്കിലും കാര്യമായ പ്രയോജനങ്ങളില്ല. ഇന്ന് എവിടെയും സ്വന്തം പ്രശസ്തിയും, പദവിയും ആണ് ഓരോരുത്തരും ആഗ്രഹിക്കുന്നത്. നമ്മളു തന്നെ അതിന്റെ തെളിവാണ്. നമ്മളെല്ലാവരും സ്വന്തക്കാരും ബന്ധക്കാരുമാണ്. എന്നിട്ടും നമ്മുടെ ഇടയിലുള്ള ഭിന്നിപ്പ് ഞാൻ ഞാനെന്നുള്ള ഭാവം മാത്രം.

ഇന്നത്തെ ചെറുതലമുറകൾ എന്താണ് നമ്മെ കണ്ടു പഠിക്കുന്നത്. നമ്മളിൽ നിന്ന് പഠിയ്ക്കാൻ അവർക്കൊരു പാഠമില്ല. ഇന്ന് പള്ളിയിൽ ആരാധനയേക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ആരുടെ പക്ഷത്താണ്; തിരുമേനി പക്ഷമോ അല്ലാത്തതോ. നമ്മൾ ദൈവത്തോടു നമ്മുടെ പല ആവലാതികളും പറയും. എവിടെ പോയാൽ ദൈവം കൂടുതൽ കേൾക്കുമെന്ന് വിചാരിച്ച് പല ധ്യാനകേന്ദ്രങ്ങളിലും പോയിരുന്നു പ്രാർത്ഥിക്കും. നമ്മുടെ വിചാരം അവിടെയാണ്. ദൈവം ഇവിടെയാണ്. ദൈവം എവിടെ ചെന്നാൽ ആവശ്യങ്ങൾ കൂടുതൽ സാധിക്കും. നമ്മുടെ ആവലാതി പല സ്ഥലങ്ങളിലും പോയിരുന്നു പറയാം. പരിഹാരവും കാണാം. എന്നാൽ ദൈവത്തിന്റെ ആവലാതി ആരോടു പറയും. കാരണം മനുഷ്യൻ ദൈവത്തിന്റെ പേരു പറഞ്ഞു പൈസ്സയും പിരിച്ചു ശണ്ഠയും കൂടി അധികാരത്തിനുവേണ്ടി വേണ്ടതും വേണ്ടാത്തതും പറഞ്ഞുപരത്തി നാടും സഭയും പള്ളിയും എല്ലാം ഇല്ലായ്മ ചെയ്യുമ്പോൾ സഹിക്കാൻ വയ്യാതെ തന്റെ മക്കളെ നോക്കി വിലപിക്കുകയാണ്. ദൈവം ആരോടു പറയും ഈ പരിഭവങ്ങളൊക്കെ. ഏതെങ്കിലും മാതാപിതാക്കൾക്ക് മക്കൾ തമ്മിൽ വഴക്കുണ്ടാക്കുന്നത് ഇഷ്ടപ്പെടുമോ. ദൈവത്തിന്റെ മക്കളായ നമ്മൾ അപ്പനു സ്ഥാനം കൊടുക്കാതെ ലോകത്തിന്റെ പിറകെയാണ്. രാഷ്ട്രീയക്കാരു തോറ്റുപോകുന്ന അവസ്ഥ.

മേല്പട്ടക്കാർ – പട്ടക്കാരോടു – ശെമ്മാശ്ശന്മാർ<br>
ഏർപ്പാടാക്കി – കർത്താവിവരെ – ഭൂമിയതിങ്കൽ<br>
ദൈവത്തിൻ ഭവനത്തിൻ താക്കോ–ലേന്തുന്നവനാം<br>
ആചാര്യേശാ വന്നീടുക സമാധാനത്താലെ<br>
പങ്കിട്ടെല്ലാവർക്കായിട്ടും – നൽകീടുന്ന<br>
ആചാര്യേശാ വന്നീടുക സമാധാനത്താലെ

ദൈവത്തിന്റെ ഭവനത്തിന്റെ താക്കോൽ കൊടുത്തിട്ട് എല്ലാവർക്കും സമാധാനം വിഭജിച്ചു കൊടുക്കാനാണ് പറഞ്ഞത്. എവിടെ സമാധാനം, എവിടെ സ്നേഹം എല്ലാം നഷ്ടപ്പെട്ടു. കള്ളത്താക്കോലിട്ട് തുറന്ന് പിശാച് 99% വും കൈക്കലാക്കി– രക്ഷപ്പെടുവാൻ ഒരു മാർഗ്ഗമേ ഉള്ളൂ. ധ്യാനപീഠമതിൽ കയറി ഉള്ളിലെ കണ്ണുകൾകൊണ്ടു കാണണമെന്നാണ്. ഇന്ന് ഉള്ളിലെ കണ്ണു കുരുടായിപ്പോയി. "നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളുടെ കൈ രക്തംകൊണ്ടു നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകി വെടിപ്പാക്കുവീൻ. നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കൺമുൻപിൽ നിന്ന് നീക്കികളയുവീൻ. തിന്മ ചെയ്യുന്നതു മതിയാക്കുവീൻ നന്മ ചെയ്‌വാൻ പഠിപ്പീൻ. ന്യായം അന്വേഷിപ്പീൻ" (യെശയ്യ. 1–15). ഇതൊക്കെയിന്നു വാക്കിലല്ലാതെ പ്രവൃത്തിയിൽ ഇല്ല. ഇന്നത്തെ ലോകം കണ്ടു മനസ്സിലാക്കുന്നു, കേട്ടു മനസ്സിലാക്കിയ സമയമൊക്കെ എന്നേ മറന്നുപോയി. വീട്ടിൽ കണ്ടു പഠിക്കുന്നത് സമൂഹത്തിൽ പ്രവർത്തിച്ചു കാണിക്കുന്നു. ഇന്നു നമ്മുടെ സഭയിലെ ഈ ഭിന്നിപ്പും വിദ്വേഷവുമൊക്കെ ബാധിച്ചിരിക്കുന്നത് വരുന്ന തലമുറകളെയാണ്. കാരണം അവർക്കു കണ്ടുപഠിയ്ക്കാൻ ഒന്നുമില്ല. സമാധാനം ഉണ്ടാക്കേണ്ടവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. രണ്ടു മാസം കൂടി കഴിഞ്ഞാൽ 2026 ലേയ്ക്ക് പ്രവേശിക്കുമല്ലോ. നമ്മളിൽ എത്രപേർകാണും. എന്താണെങ്കിലും പതിനായിരംപേരെങ്കിലും ലോകമാകുന്ന കമ്പനിയിൽ നിന്ന് പിരിഞ്ഞു പോകും. പിരിഞ്ഞു പോകുന്നവരുടെ കൂട്ടത്തിൽ ജീവിച്ചിരിക്കുന്ന നമ്മളിൽ ആരൊക്കെ കാണുമെന്നറിയത്തില്ലല്ലോ. പോയിക്കഴിഞ്ഞ് കാണാൻ വന്നു നിന്നിട്ട് എന്തു നേട്ടം. ജീവിച്ചിരിക്കുമ്പോൾ അന്യോന്യം സ്നേഹത്തിലും ഐക്യത്തിലും കഴിഞ്ഞ് ജീവിതം അവസാനിപ്പിച്ച് നിത്യതയിൽ പ്രവേശിക്കുവാൻ കർത്താവിന്റെ ഇഷ്ടം ചെയ്യുവാൻ ഓരോരുത്തരും തന്നെത്തന്നെ ശോധന ചെയ്യുവാൻ ഇടയാവട്ടെ. കർത്താവിന്റെ വരവിനായി ഒരുങ്ങി ആകാശമേഘത്തിൽ കാഹളനാദത്തിൽ അവനോടൊത്ത് ഗായക സംഘത്തിൽ ചേരുവാൻ ഒരുങ്ങാം.




പണ്ട് ഒരു കർഷകൻ ഉണ്ടായിരുന്നു. അയാൾക്കു നാലു മക്കളുണ്ടായിരുന്നു. മൂന്നു പുത്രന്മാരും ഒരു പുത്രിയും. ആൺമക്കൾ തമ്മിൽ എപ്പോഴും വഴക്കാണ്. ചിലപ്പോൾ അടികലശലും ഉണ്ടാകും അച്ചനും ഇളയ മകളും ഇതൊക്കെ കണ്ടു ദുഃഖിച്ചു.

'ഈ പെൺകുട്ടിയെ ഒരാളുടെകൂടെ അയയ്ക്കണം. തന്റെ കാലശേഷം പുരയിടവും കൃഷി സ്ഥലവും അന്യാധീനപ്പെടാതെ നോക്കുകയും വേണം' ആ പിതാവ് ആലോചിച്ചു. 'പക്ഷേ, ഈ കുട്ടികൾ ഇങ്ങനെ ശണ്ഠയും ശകാരവുമായി നടന്നാൽ എന്തു ചെയ്യും. '

വേലി കെട്ടാൻ കൊണ്ടുവന്നിരുന്ന നീളത്തിലുള്ള കുറേ വടിയുടെ കെട്ടുകൾ പറമ്പിൽ ഉണ്ടായിരുന്നു. അതിൽ നിന്നും ഒരു വടിക്കെട്ട് മുറ്റത്തു കൊണ്ടുവെച്ച ശേഷം ആ പിതാവ് ഒരു ദിവസം മക്കളെയെല്ലാം വിളിച്ചു. എന്നിട്ടു മൂത്തമകനോടു പറഞ്ഞു. 'ഇതൊന്നു പൊട്ടിച്ചു തരൂ മോനേ.'

മകൻ ഉടനെ വടികൾ കെട്ടിയിരുന്ന കയർ പൊട്ടിക്കുവാനാണ് ശ്രമിച്ചത്. 'അങ്ങനെയല്ല,' പിതാവ് തടഞ്ഞു. 'ഈ വടിക്കെട്ടു നെടുകെ രണ്ടായി പൊട്ടിച്ചു തരണം.'

'അയ്യോ അതു വയ്യ' ഒന്നാമൻ ഒഴിഞ്ഞുമാറി അപ്പോൾ ആ പിതാവ് രണ്ടാമനെ വിളിച്ചു. പിന്നെ മൂന്നാമനും ശ്രമിച്ചു നോക്കി പക്ഷേ, വടിക്കെട്ട് അതേപടി കിടപ്പാണ്.

'എന്നാൽ, ഇനി നോക്കൂ' കെട്ടിൽനിന്നും നാലു വടികൾ ഊരിയെടുത്ത ഓരോന്നുവീതം മക്കൾക്ക് നൽകിയശേഷം വൃദ്ധൻ ഒരു വടി തന്റെ മടക്കിയ മുട്ടുകാലിൽവെച്ചു രണ്ടു കഷണങ്ങൾ ആക്കി എത്ര എളുപ്പം!' മക്കളും ആ വടികൾ തുണ്ടുകളാക്കി താഴെയിട്ടു.

'മക്കളേ', ഓരോരുത്തരേയും മാറി മാറി നോക്കിയ ശേഷം ആ പിതാവ് സ്നേഹത്തോടെ വിളിച്ചു: 'വഴക്കും വക്കാണവുമായി ഭാഗം പിരിഞ്ഞു നിന്നാൽ ഈ വടികളെ എന്നപോലെ ആർക്കും നിങ്ങളെ നശിപ്പിക്കാൻ പ്രയാസം കാണുകയില്ല. മറിച്ച് ഒറ്റക്കെട്ടായി നില്ക്കുകയാണെങ്കിലോ? പിന്മാറുകയല്ലാതെ അക്രമികൾക്ക് ഗത്യന്തരമുണ്ടോ?

കുറ്റബോധത്തോടെ മക്കൾ അച്ഛന്റെ കാൽക്കീഴിൽ ഇരുന്നു. 'അച്ഛാ! ഞങ്ങൾക്കു മാപ്പുതരൂ. ഞങ്ങൾ ഇനി കലഹിക്കില്ല.

അച്ഛന്റെയും എല്ലാം കണ്ടുനിന്ന ഇളയ പെൺകുട്ടിയുടേയും കണ്ണുകളിൽ ആനന്ദാശ്രുക്കൾ തുളുമ്പി നിന്നു.

**ഒന്നിച്ചാൽ ജയിക്കാം: ഭിന്നിച്ചാൽ നശിക്കും ഐകമത്യം മഹാബലം.**

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ആമോസ്**

1. ആമോസിന്റെ ജോലി എന്തായിരുന്നു?
2. ഗിലയാദിലെ ഗർഭിണികളെ പിളർന്നു കളഞ്ഞവർ ആര്?
3. "നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക" എന്നു ആഹ്വാനം ചെയ്തതാര്?
4. നാസ്തിയായി ഭവിക്കും എന്നു യഹോവ പറഞ്ഞ സ്ഥലം ഏത്?
5. ആമോസ് പ്രവചകന്റെ ജന്മസ്ഥലം?
6. ഏതു കൊടിമുടിയാണ് വാടിപ്പോകുമെന്ന് ആമോസ് പറഞ്ഞത്?
7. ആരുടെ ഓടാമ്പലാണ് യഹോവ തകർത്തത്?
8. നക്ഷത്ര ദേവൻ ആര്?
9. ദേവദാരുക്കളെപ്പോലെ ഉയരവും കരുവേലകത്തെപ്പോലെ ശക്തിയും ഉണ്ടായിരുന്നവൻ ആര്?
10. നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടു ചെരിപ്പിനും വിറ്റുകളഞ്ഞതാര്?

**ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ**
**യോവേൽ**

1. പെഥുവേൽ (1:1)
2. യോവേൽ (3:14)
3. വിട്ടിൽ (1:4)
4. കന്യകയെപ്പോലെ (1:8)
5. ഭോജനയാഗവും പാനീയയാഗവും (1:9)
6. പുരോഹിതമാർ (1:9)
7. യഹോവയുടെ ദിവസം (1:15)
8. ആഹാരം (1:16)
9. കട്ടകളുടെ കീഴിൽ (1:17)
10. സൂര്യനും ചന്ദ്രനും (2:10)

## Bible Quiz (English) For Children November (Joel)

1. What is the main disaster that strikes Judah in the book of Joel?
2. According to Joel 1:1, Joel's Father was--
3. What did Joel tell the priests to do in chapter 1?
4. Accorbing to Joel 1:13, the lands joy has withered away because of what?
5. What does Joel say the Lord will pour out on all people?
6. According to the book of Joel, how shall the day of the Lord come?
7. What has eaten what the cutting locust has left?
8. According to Joel What should the weak say?
9. In the book of Joel, where did the Lord say, He will sit to judge the surrounding nations?
10. According to Joel, how did the Lord react from Zion?

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ കുറ്റിയിൽ ബിജു എം. ജേക്കബിന്റെയും സൂസൻ ജേക്കബിന്റെയും മകൻ **രൂബെൻ മാത്യു ജേക്കബും** റാന്നി ഉഴുവൻപാറ സെന്റ് ജോർജ് ക്നാനായ ഇടവകയിൽ പഴയാറ്റ് ജോയി കുര്യന്റെയും ലിസിയാമ്മ ജോയിയുടെയും മകൾ **സില്ല ജോയിയും** തമ്മിലുള്ള വിവാഹം ആഗസ്റ്റ് മാസം 28-ന് ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ **ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# ആദരാഞ്ജലികൾ

**43 – ാം ചരമവാർഷികം**
10 – 04 – 2025



**കെ.എം. കുര്യൻ**

**40 – ാം ചരമവാർഷികം**
18 – 01 – 2025



**മറിയാമ്മ കുര്യൻ**

**41 – ാം ചരമവാർഷികം**
10 – 11 – 2025



**കെ.കെ. മാത്യു**

**9 – ാം ചരമവാർഷികം**
11 – 08 – 2025



**സാറാമ്മ മാത്യു**

**കുറ്റിയിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

# CHETTIYAKULATHU FAMILY

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**13th Birthday in Heaven**
6 -12 - 2025



**Rev.Fr. C.T. Jacob**
Chettiyakulathu

**5th Birthday in Heaven**
11-11- 2025



**C.T. ABRAHAM**
Chettiyakulathu
Mannar, Houston, USA

**5th Birthday in Heaven**
16-10- 2025



**C.T. SKARIAH**
Chettiyakulathu
Thiruvanvandoor

**5th Birthday in Heaven**
29-03- 2025



**ANNAMMA SKARIAH**
Chettiyakulathu

Advt - O

By Sorrowing family

**4-ാം ചരമവാർഷികം**
04-12-2025



**റ്റി. റ്റി. രാജു**
**തെക്കേകരോട്ട്, ചിങ്ങവനം**

**4-ാം ചരമവാർഷികം**
08-12-2025



**എ. റ്റി. പുന്നൂസ് (ബേബി)**
**ആഞ്ഞിലിമൂട്ടിൽ, ആനപ്രമ്പാൽ**

**"നിന്റെ മഹത്വമുദിക്കുംനാൾ**
**നിൽക്കണമിവർ വലഭാഗത്തിൽ"**

**61-ാം ചരമവാർഷികം**
18-12-2025



**ചാക്കോ സ്കറിയ**

**8-ാം ചരമവാർഷികം**
22-12-2025



**തങ്കമ്മ സ്കറിയ**

**തെക്കേകരോട്ട്, ചിങ്ങവനം**

പ്രാർത്ഥനയോടെ, സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

**4 – ാം ചരമവാർഷികം**
23-11-2025

**1 – ാം ചരമവാർഷികം**
12-11-2025



**ചിന്നമ്മ ചാണ്ടി**
പുത്തൻപുരയ്ക്കൽ
മാന്നാർ

**ശോശാമ്മ സ്കറിയ (സിങ്)**
കൊച്ചുവീട്ടിൽ,
കല്ലിശ്ശേരി

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

**1st Death Anniversary**
14-11-2025



**ACHAMMA ABRAHAM**
**Kaleeckal, Thiruvanvandoor, Thiruvalla**

By Sorrowing family

Advt -O

## 13th Death Anniversary

05-01-2026



## Joseph Mathew

## 30th Death Anniversary

23-11-2025



## Marykutty Joseph

Kuttiyil Puthen Veedu, Thymaravumkara, W. Othera P.O., Thiruvalla

Advt -S

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Death Anniversary

25-11-2025



## KURIAKOSE ABRAHAM

Kochumalathusseril, Pallom

Precious in the sight of the lord is the death of his faithful servants. Psalms 116:15

By Sorrowing Family

Advt - O

## 2-ാം ചരമവാർഷികം

1-11-2025



## K.C. Abraham

Kadathu, Edathua, Pacha

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

40th Day of Demise
14 -11- 2025



# Rani Thomas

Pulimoottil, Mumbai

*With Prayers*

Pulimoottil Family, Mumbai
Thomas Mathew- Husband, Renny Thomas- Son, Sherin Simon- Daughter in law
Sara Renny- Grand daughter

Advt - O

## 1 – ാം ചരമവാർഷികം

07 – 10 – 2025



Advt -O

## BIJO JOSEPH (35)

**Venattu House, Thuruthicadu**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*വേണാട്ട് ഫാമിലി*

## പ്രത്യാശയുടെ 3 വർഷങ്ങൾ

18 – 11 – 2025



Advt - O

## Thomas Abraham (82)

**Anjilimoottil, Thalavady, Edathua**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

12- 11 -2025



Advt -O

## വി. സി. തോമാച്ചൻ

**വിലങ്ങൻപാറ, വാകത്താനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

11 – 11 – 2025



Advt - O

## P.S. Punnoose (തമ്പി)

**Pallathara, Chingavanam**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 75th Death Anniversary

## 01 December 2025



# A. K. THOMAS

**Aurthumannil, Eraviperoor**

'നിന്റെ മഹത്വമുദിക്കുംനാൾ നില്ക്കണമിവൻ വലഭാഗത്തിൽ'

Prayers from Joy Aurthumannil & family

Advt - O

## 10 – ാം ചരമവാർഷികം
17 – 11 – 2025



Advt -S

## കുര്യൻ കുറിയാക്കോസ്
കണ്ണൻകുഴയത്ത്, തോണിക്കടവ്, റാന്നി

"ഒരിക്കലും മരിക്കാത്ത
ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7 – ാം ചരമവാർഷികം
14 – 12 – 2025



Advt -S

## അമ്മിണി ജോസഫ്
പള്ളിയമ്പിൽ, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 6 – ാം ചരമവാർഷികം
14-11-2025



Advt -S

## Thankamma Kunjachan
(കൊച്ചമ്മച്ചി )

Planthottathil Thayil, Kallissery

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
ഞങ്ങളുടെ സ്വന്തം കൊച്ചമ്മച്ചി"

Jiju and Family

## 7 – ാം ചരമവാർഷികം
1 – 12 – 2025



Advt -S

## ഷൈനി എബ്രഹാം
കുന്നുംപുറത്ത്, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*


35-ാം ചരമ വാർഷികം
31.12.1990
35-ാം ചരമ വാർഷികം
15.12.1990
12 -ാം ചരമ വാർഷികം
30.11.2013
VRY. REV. .T.M. JACOB
COR - EPISCOPA
മുടികൾ മുടഞ്ഞൊട്ടിത്തകിടും
